©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2021-2023)

ഒന്നാമത് റിപ്പോർട്ട്

(2022 ജൂലൈ 18-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2021-2023)

ഒന്നാമത് റിപ്പോർട്ട്

(2022 ജൂലൈ 18-ാം തീയതി സമർപ്പിച്ചത്)

828/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം 1-9 | .. | 12-32 |

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2021-2023)

**സമിതിയുടെ ഘടന**

<u>ചെയർമാൻ</u> :

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. എച്ച് . സലാം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. ഗോഡ്ഫ്രി ഡി. ഡി, ജോയിന്റ് സെക്രട്ടറി

ശ്രീമതി റീന. വി. ആർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രിവിലേജസ് , എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. ബെന്നി ജോസഫ് എന്ന യൂട്യൂബർക്കെതിരെ ഈ സഭയിൽ അംഗമായിരുന്ന പി. ടി. തോമസ് സമർപ്പിച്ച അവകാശലംഘന നോട്ടീസ് സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

താൻ 2021 ജൂൺ 1-നു നടത്തിയ ശ്രദ്ധ ക്ഷണിക്കൽ പ്രസംഗത്തിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണമായ വ്യവസായസ്ഥാപനങ്ങൾ അടച്ച് പൂട്ടണമെന്ന് ആവശ്യപ്പെട്ടതിൽ പ്രകോപിതനായി, ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി യൂട്യൂബ് ചാനൽ പരിപാടിയിലൂടെ തന്നെ ആക്ഷേപിച്ചെന്നും ഇത് ഭരണഘടനയുടെ അനുച്ഛേദം 194 സാമാജികർക്ക് നൽകുന്ന വിശേഷാവകാശത്തെ ഹനിക്കുന്നതാകയാൽ ശ്രീ. ബെന്നി ജോസഫിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നു മാവശ്യപ്പെട്ട് അന്ന് സഭാംഗമായിരുന്ന പി.ടി.തോമസ് 8-6-2021-ൽ ബഹു. സ്പീക്കർക്ക് ഒരു നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 11-8-2021-ന് ബഹു. സ്പീക്കർ പ്രിവിലേജസ് , എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തു . 2021 സെപ്റ്റംബർ 8, 20, 2021 നവംബർ 9, 2021 ഡിസംബർ 20, 2022 ജൂലൈ 13 എന്നീ തീയതികളിൽ സമിതി യോഗം ചേരുകയും വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു. നോട്ടീസിന്റെ പരിശോധന നടന്നുകൊണ്ടിരിക്കെ 2021 ഡിസംബർ മാസം 22-ാം തീയതി പി. ടി. തോമസ് നിര്യാതനായെങ്കിലും അദ്ദേഹം നൽകിയ നോട്ടീസിൽ അടങ്ങിയിട്ടുള്ള പ്രിവിലേജ് പ്രശ്നം നിലനിൽക്കുന്നതാണെന്ന് വിലയിരുത്തിയ സമിതി തുടർന്നും പരിശോധിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

സമിതി യോഗങ്ങളിൽ നടന്ന സമഗ്രമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനവും ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട് . സമിതിയുടെ യോഗനടപടിക്കുറിപ്പുകളും ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് . 2022 ജൂലൈ 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,
*ചെയർമാൻ,*
*പ്രിവിലേജസ്, എഥിക്സ് എന്നിവ*
*സംബന്ധിച്ച കമ്മിറ്റി.*

തിരുവനന്തപുരം,
2022 ജൂലൈ 18.

# റിപ്പോർട്ട്

## I വസ്തുതാ വിവരണം

പതിനഞ്ചാം കേരള നിയമസഭയിൽ അംഗമായിരുന്ന പി. ടി. തോമസ് 2021 ജൂൺ 1-ന ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിന്റെ ഭാഗമായി, കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണമായ വ്യവസായസ്ഥാപനങ്ങളെ കുറിച്ച് പരാമർശിക്കുകയും മലിനീകരണത്തിന് കാരണമായ വ്യവസായസ്ഥാപനങ്ങൾ അടച്ച് പൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിൽ പ്രകോപിതനായി, ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി അദ്ദേഹത്തിന്റെ "പച്ചയ്ക്ക് പറയുന്നു" എന്ന യുട്യൂബ് ചാനൽ പരിപാടിയിലൂടെ തന്നെ ആക്ഷേപിച്ചെന്നും ഇത് ഭരണഘടനയുടെ അനുച്ഛേദം 194 സാമാജികർക്ക് നൽകുന്ന വിശേഷാവകാശത്തെ ഹനിക്കുന്നതാണെന്നും ആയതിനാൽ ശ്രീ. ബെന്നി ജോസഫിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പി.ടി.തോമസ് 8-6-2021-ൽ ബഹു. സ്പീക്കർക്ക് ഒരു നോട്ടീസ് നൽകിയിരുന്നു. (അനുബന്ധം I) നോട്ടീസ് പരിഗണിച്ച ബഹു.സ്പീക്കർ പ്രസ്തുത വിഷയത്തിന്മേൽ ശ്രീ. ബെന്നി ജോസഫിന്റെ പ്രതികരണം ആരായുവാനാവശ്യപ്പെടുകയും (അനുബന്ധം II) ആയതിന് ശ്രീ. ബെന്നി ജോസഫ് 27-7-2021-ലെ കത്തിലൂടെ മറുപടി ലഭ്യമാക്കുകയുമുണ്ടായി. (അനുബന്ധം III)

ഇന്ത്യൻ ഭരണഘടന അനുച്ഛേദം 194 പ്രകാരം നിയമസഭാ സാമാജികർക്ക് നൽകുന്ന വിശേഷാധികാരത്തെ ഹനിക്കുന്ന തരത്തിലുള്ള യാതൊരു പ്രവർത്തിയും തന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലെന്നും, പി.ടി.തോമസ് അദ്ദേഹത്തിന്റെ നിയമസഭാ പ്രസംഗത്തിൽ വരുത്തിയ തെറ്റ് ചൂണ്ടിക്കാട്ടുക മാത്രമാണ് താൻ ചെയ്തതെന്നും, തന്റെ അഭിപ്രായ സ്വാതന്ത്ര്യത്തേയും പത്ര പ്രവർത്തന സ്വാതന്ത്ര്യത്തേയും തടസ്സപ്പെടുത്തുന്ന തരത്തിലുള്ള ബഹു. അംഗത്തിന്റെ വാദം നിലനിൽക്കുന്നതല്ലെന്നും, ആയതിനാൽ അവകാശ ലംഘനം സംബന്ധിച്ച അനന്തര നടപടിക്രമങ്ങളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നുമാണ് ശ്രീ.ബെന്നി ജോസഫ് 27-7-2021-ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിരുന്നത് .

പി. ടി. തോമസ് നൽകിയ നോട്ടീസും അതിൽ ഉന്നയിച്ച വിഷയത്തിൽ ശ്രീ. ബെന്നി ജോസഫ് നൽകിയ മറുപടിയും വിശദമായി പരിശോധിച്ച ബഹു.സ്പീക്കർ ഇക്കാര്യത്തിൽ പ്രഥമദൃഷ്ട്യാ അവകാശലംഘനം നടന്നിട്ടുണ്ട് എന്ന് കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പ്രിവിലേജസ് , എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 11-8-2021-ന് നോട്ടീസ് റഫർ ചെയ്യുകയും ചെയ്തു. (അനുബന്ധം IV)

2021 സെപ്റ്റംബർ 8-ാം തീയതി ചേർന്ന പ്രിവിലേജസ് , എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയോഗം യൂട്യൂബറായ ശ്രീ.ബെന്നി ജോസഫ് എന്ന വ്യക്തിക്കെതിരെ പി.ടി.തോമസ് നൽകിയ അവകാശലംഘന നോട്ടീസിന്മേൽ പി.ടി.തോമസിൽ നിന്ന് വിവരങ്ങൾ ആരായുന്നതിനും സമിതി മുമ്പാകെ നേരിട്ട് ഹാജരാകാനും ബന്ധപ്പെട്ട വീഡിയോ ദൃശ്യങ്ങൾ പരിശോധിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിവിലേജസ് , എഥിക്സ് എന്നിവ സംബന്ധിച്ച സമിതി 2021 സെപ്റ്റംബർ 20-ാം തീയതി യോഗം ചേരുകയും പി.ടി.തോമസ് 2021 ജൂൺ മാസം 1-ാം തീയതി നിയമസഭയിൽ നടത്തിയ ശ്രദ്ധ ക്ഷണിക്കൽ പ്രസംഗത്തിന്റെയും, ശ്രീ . ബെന്നി ജോസഫിന്റെ "പച്ചയ്ക്ക് പറയുന്നു" എന്ന യൂട്യൂബ് ചാനലിലെ അവകാശ ലംഘനത്തിനാസ്പദമായ 'തോമാച്ചോ... നിങ്ങൾക്കും ആകാം കോടീശ്വരൻ' എന്ന പരിപാടിയുടേയും വീഡിയോകൾ പരിശോധിക്കുകയും ചെയ്തു. ആയതിന് ശേഷം സമിതി മുമ്പാകെ ഹാജരായ പി.ടി.തോമസ് താഴെ പറയുന്ന വിവരങ്ങൾ സമിതി മുമ്പാകെ ബോധിപ്പിച്ചു .

തന്റെ നിയോജകമണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് 2021 ജൂൺ മാസം 1-ാം തീയതി നിയമസഭയിൽ ചട്ടം 62 പ്രകാരം നടത്തിയ ശ്രദ്ധ ക്ഷണിക്കൽ പ്രസംഗത്തിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണക്കാരായ കിറ്റെക്സ് കമ്പനിയുമായി ബന്ധപ്പെട്ട തെളിവുകൾ സഭ മുമ്പാകെ ഹാജരാക്കിയതിൽ പ്രകോപിതനായ ശ്രീ. ബെന്നി ജോസഫ് വളരെ മോശപ്പെട്ട രീതിയിലുള്ള പ്രതികരണമാണ് തന്നെക്കുറിച്ച് യൂട്യൂബ് ചാനലിലൂടെ നടത്തിയിരിക്കുന്നതെന്നും, നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ഇക്കാര്യം സംബന്ധിച്ച് അദ്ദേഹത്തോട് വിശദീകരണം ആരാഞ്ഞതിന് മറുപടിയായി തന്നെയും, മുഴുവൻ എം.എൽ.എ.മാരേയും പൊതുപ്രവർത്തകരേയും ആക്ഷേപിച്ചുകൊണ്ടുള്ള ഒരു മണിക്കൂർ പരിപാടിയാണ് യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യപ്പെട്ടതെന്നും അവകാശലംഘന നോട്ടീസ് സംബന്ധിച്ച് ശ്രീ.ബെന്നി ജോസഫിനോട് വിശദീകരണം ആരാഞ്ഞതിന് ശേഷം അദ്ദേഹം യൂട്യൂബിൽ ഒരു പരിപാടി നടത്തുകയും സമിതി വിശദീകരണം ആവശ്യപ്പെട്ടതിനെ പരാമർശിച്ചു കൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അയച്ച കത്ത് ഉയർത്തിക്കാട്ടി കട്ടൻ ചായ കുടിക്കുന്ന മട്ടിൽ എന്തോ കുടിച്ചുകൊണ്ടിരുന്ന് വളരെ മോശമായി രാഷ്ട്രീയക്കാരെയും എം.എൽ.എ.-മാരേയും വിമർശിക്കുകയുണ്ടായെന്നും, കിറ്റെക്സ് കമ്പനി തനിക്കെതിരെ സ്ഥാനാർത്ഥിയെ നിർത്തിയതുകൊണ്ടാണ് താനിങ്ങനെയൊരു ശ്രദ്ധക്ഷണിക്കൽ പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചതെന്ന് ആരോപിക്കുകയും ചെയ്തു. ശ്രീ.ബെന്നി ജോസഫിന്റെ വാദം അടിസ്ഥാനരഹിതമാണെന്നും, തെരഞ്ഞെടുപ്പിന് മുൻപ് തന്നെ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണക്കാരായ കമ്പനിക്കെതിരെ പരസ്യ സമരവുമായി താൻ രംഗത്ത് വന്നിരുന്നുവെന്നും പി. ടി. തോമസ് സമിതിയെ അറിയിച്ചു.

ശ്രീ. ബെന്നി ജോസഫുമായി തനിക്ക് മുൻപരിചയമില്ലെന്നും ചാനൽ വഴി രാഷ്ട്രീയ നേതാക്കൾക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നതാണ് ഇയാളുടെ പൊതു സ്വഭാവമെന്നും, മറ്റുള്ളവരെ ദ്രോഹിക്കുന്നതും, ഭയപ്പെടുത്തുന്നതും, ബുദ്ധിമുട്ടിക്കുന്നതും ഇയാളുടെ പ്രധാന വിനോദമാണെന്നും പി. ടി. തോമസ് സമിതി മുൻപാകെ ബോധിപ്പിച്ചു . കമ്പനിക്കെതിരെ താൻ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി നൽകുന്നതിനായി എറണാകുളം പ്രസ്സ് ക്ലബിൽ സംഘടിപ്പിച്ച പത്ര സമ്മേളനത്തിൽ തെളിവ് സഹിതം മറുപടി നൽകിയിരുന്നെന്നും, ആയതിന് തനിക്കെതിരെ 100 കോടി രൂപയ്ക്ക് മാനനഷ്ടക്കേസ് കൊടുക്കുകയാണ് കമ്പനി എം.ഡിയായ ശ്രീ.സാബു ചെയ്തതെന്നും, ശ്രീ. സാബുവുമായി ബന്ധപ്പെട്ട് താൻ പത്ര സമ്മേളനം നടത്തിയിട്ടുണ്ടെങ്കിലും ശ്രീ. ബെന്നി ജോസഫുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ പത്ര സമ്മേളനം നടത്തിയിട്ടില്ലെന്നും പി. ടി. തോമസ് സമിതിയെ അറിയിച്ചു. താൻ പത്ര സമ്മേളനത്തിലും ചാനലിലും പറഞ്ഞ വിവരങ്ങൾ വച്ച് കൊണ്ട് ശ്രീ. ബെന്നി ജോസഫ് പ്രസ്തുത വിഷയം ഏറ്റെടുത്ത് തന്നെ യൂട്യൂബ് ചാനലിലൂടെ അധിക്ഷേപിക്കുകയാണുണ്ടായതെന്നും ഒരു നിയമസഭാംഗമെന്ന രീതിയിലുള്ള തന്റെ അവകാശം വിനിയോഗിച്ചതിനെതിരെ നടത്തിയ അധിക്ഷേപത്തിന്റെ പേരിൽ ശ്രീ.ബെന്നി ജോസഫിനെതിരെ യുക്തമായ നടപടിക്ക് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി ശിപാർശ ചെയ്യണമെന്നും ശ്രീ. പി .ടി. തോമസ് അഭ്യർത്ഥിച്ചു. അവകാശലംഘന നോട്ടീസിനാധാരമായ പരിപാടിയേക്കാൾ വിശദീകരണം ആവശ്യപ്പെട്ടതിന് ശേഷം നടത്തിയ പരിപാടിയിലാണ് കൂടുതൽ പ്രിവിലേജ് ലംഘനം നടന്നിട്ടുള്ളതെന്നും, പൊതു പ്രവർത്തകരെ അധിക്ഷേപിക്കുന്നതിലൂടെ യൂട്യൂബ് ചാനലിന് പ്രചാരം ലഭിക്കുമെന്ന് ശ്രീ. ബെന്നി ജോസഫ് പ്രതീക്ഷിക്കുന്നുണ്ടാകാമെന്നും പി.ടി.തോമസ് കൂട്ടി ച്ചേർത്തു.

തെളിവെടുപ്പിന് ശേഷം ലഭിച്ച അധിക വിവരത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അവകാശലംഘനം സംബന്ധിച്ച് ആരാഞ്ഞ വിശദീകരണത്തിന് മറുപടിയായി ശ്രീ. ബെന്നി ജോസഫ് യൂട്യൂബ് ചാനലിലിലൂടെ സംപ്രേക്ഷണം ചെയ്ത 'ഇത് പി. ടി. തോമസ്സുമാർക്ക് സമർപ്പിക്കുന്നു' എന്ന രണ്ടാമത്തെ വീഡിയോയും സമിതി പരിശോധിക്കുകയുണ്ടായി.

2021 നവംബർ 25-ലെ സമിതിയുടെ യോഗം ശ്രീ. ബെന്നി ജോസഫിൽ നിന്നും ഇക്കാര്യത്തിൽ അധികവിവരങ്ങൾ ആരായാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2021 ഡിസംബർ 20-ാം തീയതി ശ്രീ. ബെന്നി ജോസഫ് സമിതിക്ക് മുൻപാകെ തെളിവെടുപ്പിനായി ഹാജരാകുകയും താഴെ പറയുന്ന കാര്യങ്ങൾ സമിതിയിൽ ബോധിപ്പിക്കുകയും ചെയ്തു.

പി. ടി. തോമസുമായി താങ്കൾക്ക് വ്യക്തിപരമായ പരിചയമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അദ്ദേഹം തന്റെ കുടുംബ സുഹൃത്താണെന്നും, തങ്ങൾ തമ്മിൽ യാതൊരു പ്രശ്നങ്ങളുമില്ലെന്നും, താൻ അണിയറ, കണ്ണാടി, സാക്ഷി മുതലായ പരിപാടികൾ പ്രൊഡ്യൂസ് ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തെ ധാരാളം കാര്യങ്ങളിൽ സപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും, വ്യക്തിപരമായി അദ്ദേഹത്തെ ഒരു വിധത്തിലും ആക്ഷേപിച്ചിട്ടില്ലെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. കിറ്റക്സ് കമ്പനി എം. ഡി. ശ്രീ. സാബു ജേക്കബുമായി വ്യക്തിപരമായ പരിചയമുണ്ടോയെന്ന ചോദ്യത്തിന് തന്റെ നല്ല സുഹൃത്താണ് സാബു ജേക്കബെന്നും, കൈക്കൂലി കിട്ടാത്തതിനാലാണ് പി. ടി. തോമസ് കടമ്പ്രയാർ വിഷയം നിയമസഭയിൽ ഉന്നയിച്ചതെന്ന അഭിപ്രായമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അദ്ദേഹം കൈക്കൂലിക്കാരനാണെന്ന് അഭിപ്രായമില്ലെന്നും, നിയമസഭ മുമ്പാകെ പി. ടി. തോമസ് കള്ളം പറഞ്ഞുവെന്ന വാദത്തിൽ ഉറച്ച് നിൽക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, അതിൽ ഉറച്ച് നിൽക്കുന്നതായും 50 കോടി രൂപയാണ് കിറ്റക്സ് കമ്പനി എം. ഡി. ശ്രീ. സാബു ജേക്കബ് ചലഞ്ച് ചെയ്തിരിക്കുന്നതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

കിറ്റക്സ് കമ്പനി ഉടമ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ പി. ടി. തോമസിനെതിരായി സ്ഥാനാർത്ഥിയെ നിർത്തിയതുകൊണ്ടാണ് ബഹു.അംഗം കടമ്പ്രയാർ വിഷയം സഭയിലുന്നയിച്ചതെന്നുള്ള അഭിപ്രായമുണ്ടോയെന്ന ചോദ്യത്തിന് അതുകൊണ്ടായിരിക്കുമെന്നാണ് താൻ വിശ്വസിക്കുന്നതെന്നും, സഭയിൽ ഉന്നയിക്കുന്ന വിഷയങ്ങളിൻമേൽ ബഹു. അംഗങ്ങൾ തെളിവ് ഹാജരാക്കണമെന്ന തരത്തിൽ വെല്ലുവിളിക്കുന്ന പ്രവണത സഭയ്ക്കകത്ത് അംഗങ്ങൾക്ക് സ്വതന്ത്രമായും നിർഭയമായും അഭിപ്രായപ്രകടനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്ന വിധത്തിലുള്ള നിലപാടാണെന്നത് അറിവുള്ളതാണോയെന്ന സമിതിയുടെ ചോദ്യത്തിന്, എം.എൽ.എ.-മാർക്ക് എന്ത് സത്യവും ഒരു തടസ്സവുമില്ലാതെ നിയമസഭയിൽ പറയാമെന്നും, പക്ഷെ അത് നുണയും കളവുമാകരുതെന്നും, നിയമസഭാ സാമാജികരുടെ പ്രിവിലേജിനെ വെല്ലുവിളിക്കുന്ന ഒരു നടപടിയും താൻ സ്വീകരിച്ചിട്ടില്ലെന്നും അങ്ങനെ തോന്നിയിട്ടുണ്ടെങ്കിൽ അത് തെറ്റാണെന്നും, സാമാജികർക്ക് കിട്ടിയിരിക്കുന്ന പ്രിവിലേജ് ദുരുപയോഗം ചെയ്യരുതെന്ന രീതിയിലാണ് പ്രസ്തുത പരിപാടിയിൽ പറഞ്ഞിരിക്കുന്നതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. "തമ്മിൽ ഭേദം തൊമ്മൻ" എന്ന പ്രസ്തുത പരിപാടിയിലെ പ്രയോഗത്തിൽ ഉറച്ചു നിൽക്കുന്നുണ്ടോയെന്ന ചോദ്യത്തിന് ആ പ്രയോഗത്തിൽ ഉറച്ചുനിൽക്കുന്നതായും, എന്നാൽ എല്ലാ എം. എൽ. എ. -മാരും മോശമാണെന്നുള്ളതിൽ ഉറച്ചുനിൽക്കുന്നില്ലെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. ഒരു ഖദർ കുപ്പായമിട്ട് എം.എൽ.എ. എന്ന മൂന്നക്ഷരം നെഞ്ചത്തൊട്ടിച്ചാൽ എന്ത് വൃത്തികേടും ആരെപ്പറ്റിയും എവിടെയും വിളിച്ചുപറയാമെന്ന ധാരണയുള്ള ഇത്തരം

ആളുകളെ ചുമക്കേണ്ടിവരുന്നത് മലയാളികളുടെ ഗതികേടാണെന്ന പരിപാടിയിലെ വാചകത്തിൽ താങ്കൾ ഉറച്ചു നിൽക്കുന്നുണ്ടോയെന്ന ചോദ്യത്തിന് ചില എം.എൽ.എ. മാരെക്കുറിച്ച് അതാണ് തന്റെ അഭിപ്രായമെന്ന് ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട് വരുന്നവർ യോഗ്യരല്ലെന്ന അഭിപ്രായമാണോ താങ്കൾക്കുള്ളതെന്ന ചോദ്യത്തിന് അങ്ങനെ അഭിപ്രായമില്ലെന്നും ധാരാളം യോഗ്യതയുള്ള ആളുകളുണ്ടെന്നും എന്നാൽ ചില മോശക്കാരായ വ്യക്തികളുമുണ്ടെന്നും അല്ലാതെ 140 എം.എൽ.എ.-മാരും മോശമാണെന്നല്ല പറഞ്ഞതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. നിയമസഭയിലേക്ക് മുൻപും ഇപ്പോഴുമായി തിരഞ്ഞെടുക്കപ്പെട്ടു വരുന്നവരിൽ കുറച്ചു പേരെങ്കിലും നല്ലവരാണെന്ന പരാമർശം ഏതെങ്കിലും യൂട്യൂബ് ചാനൽ പരിപാടിയിൽ നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞതിന് അങ്ങനെയൊരു പരാമർശം ചാനൽ പരിപാടിയിൽ നടത്തിയിട്ടില്ലെന്ന് ശ്രീ.ബെന്നി ജോസഫ് സമിതിയെ അറിയിച്ചു. സമിതിക്ക് പി. ടി. തോമസ് നൽകിയ നോട്ടീസിന്മേൽ, വിശദീകരണം തേടിക്കൊണ്ട് നിയമസഭാ സെക്രട്ടേറിയേറ്റിൽനിന്നും അയച്ച കത്തിനെ ആസ്പദമാക്കി യൂട്യൂബ് ചാനലിൽ ഒരു പരിപാടി അവതരിപ്പിച്ചതിന് പിന്നിലെ ഉദ്ദേശ്യമെന്തെന്ന സമിതിയുടെ ചോദ്യത്തിന് അത് ശരിയാണെന്നാണ് തനിക്ക് തോന്നുന്നതെന്നും ജനങ്ങളെ അറിയിക്കേണ്ട കാര്യമാണതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. നിയമസഭാ സാമാജികരെ അവഹേളിച്ചുകൊണ്ട് സ്വന്തം യൂട്യൂബ് ചാനലിന് പ്രചാരം വർദ്ധിപ്പിക്കുകയെന്നുള്ള അടിസ്ഥാനത്തിലാണോ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് അങ്ങനെ അല്ലെന്നും താൻ നിരവധി വർഷങ്ങളായി സാമൂഹ്യ സേവനരംഗത്ത് പ്രവർത്തിക്കുന്ന ഒരാളാണെന്നും, എം.എൽ.എ. മാർക്ക് എന്ത് വിഷയങ്ങളും സഭയിൽ ഉന്നയിക്കാൻ കഴിയുമെന്നും പക്ഷേ അത് നുണയായിരിക്കരുതെന്ന് മാത്രമേയുള്ളൂവെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. കടമ്പ്രയാർ നദി മലിനീകരണപ്പെടുന്നതിൽ കിറ്റക്സ് കമ്പനിയുടെ യാതൊരുവിധത്തിലുള്ള മാലിന്യവും ഇല്ലെന്നുള്ള അഭിപ്രായത്തിലാണോ നിൽക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് കടമ്പ്രയാറിൽ കിറ്റക്സ് കമ്പനിയുടെ മാലിന്യം ഇല്ലെന്നും, ഉണ്ടെങ്കിൽ ഇരുപത്തിനാല് മണിക്കൂറിനകം അടച്ചുപൂട്ടണമെന്ന് താൻ വ്യക്തമായി പറഞ്ഞിട്ടുള്ളതായും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. എല്ലാവരുടേയും തുല്യാവകാശങ്ങൾക്ക് വേണ്ടിയാണ് താനിത് ചെയ്യുന്നതെന്ന് പറയുന്നതിന്റെ കാരണമെന്താണെന്ന സമിതിയുടെ ചോദ്യത്തിന് എം.എൽ.എ.-മാർക്ക് സ്പെഷ്യൽ പ്രിവിലേജുകൾ നൽകിയിട്ടുള്ള കാര്യവും, ഹൗസിൽ ചോദിക്കുന്ന ചോദ്യങ്ങൾ പുറത്ത് ചോദ്യം ചെയ്യാൻ പാടില്ലെന്ന കാര്യവും തനിക്കറിയാമെന്നും എന്നാൽ ആ അവകാശം ഉപയോഗപ്പെടുത്തി നുണ പറയുകയാണെങ്കിൽ ശക്തമായി ചോദ്യം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

ശ്രീ. ബെന്നി ജോസഫ് നിയമം പഠിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇല്ലെന്നും, നിയമസഭാംഗങ്ങളുടെ പ്രിവിലേജിനെ സംബന്ധിച്ച് അറിയാമോയെന്ന ചോദ്യത്തിന് പൂർണ്ണമായും അറിയില്ലെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. 'അതിനിപ്പോൾ അവകാശലംഘനത്തിന് നോട്ടീസ് കൊടുത്താലും വക്കീൽ നോട്ടീസ് അയച്ചാലും ഒരു എം.എൽ.എ. ആണെന്ന് പറഞ്ഞ് പത്ത് പന്ത്രണ്ട് കൊമ്പൊന്നുമില്ല' എന്ന ആദ്യത്തെ യുട്യൂബ് ചാനലിലെ പരാമർശം അവകാശലംഘനം ഉണ്ടാകാൻ പോകുന്നുവെന്ന് അറിഞ്ഞുകൊണ്ടാണോ പറഞ്ഞിട്ടുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് നുണ പറഞ്ഞിട്ട് അങ്ങനെയൊരു നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ നിലനിൽക്കില്ലെന്നാണ് താൻ ഉദ്ദേശിച്ചതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. പ്രസ്തുത പരാമർശം കൊണ്ട് എന്താണെന്നുദ്ദേശിച്ചതെന്ന ചോദ്യത്തിന് ചിലർ എന്ത് ചെയ്താലും കാണിക്കുന്ന അഹങ്കാരത്തെയാണ് ആയത് കൊണ്ടുദ്ദേശിച്ചതെന്ന് ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. അങ്ങനെയെങ്കിൽ പി.ടി.തോമസ് അസംബ്ലിയിൽ പറഞ്ഞത് അഹങ്കാരമാണോയെന്ന ചോദ്യത്തിന് അഹങ്കാരവും നുണയുമായിട്ടാണ് തനിക്ക് തോന്നിയതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. അവകാശലംഘന നോട്ടീസിൻമേൽ വിശദീകരണം തേടിക്കൊണ്ടുള്ള നിയമസഭാ സെക്രട്ടേറിയറ്റിന്റെ നോട്ടീസിനെ ആസ്പദമാക്കി അഡ്വക്കേറ്റുമായി കൂടിച്ചേർന്ന് ഒരു കറുത്ത ദ്രാവകം കുടിച്ചു കൊണ്ട് നടത്തിയ പരിപാടി നിയമസഭയെ അവഹേളിക്കാനല്ലേയെന്ന ചോദ്യത്തിന് തനിക്ക് അത്തരമൊരു ഉദ്ദേശമില്ലായിരുന്നുവെന്ന് ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. നിയമസഭയുടെ പ്രവർത്തനങ്ങളിൽ എം.എൽ.എ.-യ്ക്ക് പ്രത്യേക അധികാരങ്ങളും അവകാശങ്ങളുമുണ്ടെന്നുള്ളത് നിഷേധിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, നിഷേധിക്കുന്നില്ലെന്നും, അവകാശ ലംഘനത്തിന് നിയമസഭയിൽ നിന്നും നൽകിയ നോട്ടീസ് പരസ്യപ്പെടുത്തിയത് സംബന്ധിച്ചും ആദ്യത്തെ പരിപാടിയെ സംബന്ധിച്ചും ലീഗൽ ഒപ്പീനിയൻ പരസ്യപ്പെടുത്തിയത് സംബന്ധിച്ചും എന്തെങ്കിലും പശ്ചാത്താപം ഉണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തിപരമായി ആർക്കെങ്കിലും വേദനിച്ചിട്ടുണ്ടെങ്കിൽ അതിന് സാഷ്ടാംഗം മാപ്പ് പറയുന്നുവെന്നും, നിയമസഭയുടെ അന്തസ്സിന് കോട്ടം തട്ടിയതിൽ പശ്ചാത്താപം ഉണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അങ്ങനെ കോട്ടം തട്ടുന്ന തരത്തിൽ കാര്യങ്ങൾ ചെയ്തതായി തനിക്ക് തോന്നുന്നില്ലെന്നും, അങ്ങനെ ചെയ്തതായി ആർക്കെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ അതിന് മാപ്പ് പറയുന്നതായും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

നിയമസഭാ സമിതികൾക്ക് quasi judicial സ്വാഭാവമുണ്ടെന്നത് മനസ്സിലാക്കിയിട്ടുണ്ടോയെന്ന ചോദ്യത്തിന് അതിനെക്കുറിച്ച് തനിക്കറിയില്ലെന്നും, നിയമസഭയിൽ ഒരംഗം സ്വതന്ത്രമായി അദ്ദേഹത്തിന്റെ ബോധ്യം വിശദീകരിച്ചാൽ അത് നുണയാണെന്ന് നിശ്ചയിക്കാനുള്ള അവകാശം ഒരു പൗരന് എങ്ങനെയാണ്

കൈവരുന്നതെന്ന സമിതിയുടെ ചോദ്യത്തിന് താൻ 'ഫ്രീഡം ഓഫ് സ്പീച്ച് ' വച്ച് മാത്രമേ പറഞ്ഞിട്ടുള്ളൂവെന്നും അല്ലാതെ ഒരിക്കലും നിയമസഭയോടുള്ള വെല്ലുവിളിയല്ലെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. പ്രസ്തുത പരിപാടിയിലൂടെ നിയമസഭ എന്ന സ്ഥാപനത്തിന്റെ അന്തസ്സിന് ഇടിവുണ്ടായി എന്നതിൽ ഖേദമുണ്ടോ എന്ന ചോദ്യത്തിന് അങ്ങനെ ഇടിവുണ്ടായിട്ടുള്ളതായി തോന്നിയിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുന്നുവെന്നും നിയമസഭ എന്ന പവിത്രമായ സ്ഥലത്ത് നുണ പറയരുതെന്ന വാദം മാത്രമാണ് തനിക്കുള്ളതെന്നും ശ്രീ.ബെന്നി ജോസഫ് മറുപടി നൽകി.

സമിതി ഈ വിഷയം കൂടുതൽ പരിശോധനകൾ നടത്തിവരവെ സഭയിലെ അംഗവും പരാതിക്കാരനുമായ പി. ടി. തോമസ് 2021 ഡിസംബർ മാസം 22-ാം തീയതി നിര്യാതനായി. എന്നിരുന്നാലും പി. ടി. തോമസ് നൽകിയ പരാതിയിൽ അവകാശലംഘന പ്രശ്നം നിലനിൽക്കുന്നതാണെന്ന് കണ്ടെത്തിയ സമിതി ഈ വിഷയത്തിലെ പരിശോധന തുടരാൻ തീരുമാനിക്കുകയായിരുന്നു.

### സമിതിയുടെ നിഗമനങ്ങൾ/കണ്ടെത്തലുകൾ

തൃക്കാക്കര നിയോജകമണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണം മൂലം ജനങ്ങൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് 2021 ജൂൺ 1-ാം തീയതി സഭയിൽ പി. ടി. തോമസ് ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് സഭയ്ക്കു പുറത്ത് വിമർശനപരമായി ഒരു പരിപാടി അവതരിപ്പിക്കപ്പെട്ടതിൽ നിന്നും ഉടലെടുത്തതാണ് പി. ടി. തോമസിന്റെ അവകാശലംഘന നോട്ടീസിനാധാരമായ വിഷയം. നിയമസഭാചട്ടം 62 പ്രകാരം സ്പീക്കറുടെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടി ഒരംഗത്തിന് അടിയന്തര പൊതുപ്രാധാന്യമുള്ള ഏത് സംഗതിയിലേക്കും മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാവുന്നതാണ്. പ്രസ്തുത ചട്ടപ്രകാരമാണ് തന്റെ നിയോജക മണ്ഡലത്തിലൂടെ ഒഴുകുന്ന കടമ്പ്രയാർ നദിയിലെ മലിനീകരണത്തെക്കുറിച്ച് സഭയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പി. ടി. തോമസ് സംസാരിച്ചത്. പ്രസംഗത്തിൽ കിറ്റെക്സ് കമ്പനിയിൽ നിന്നുള്ള മാലിന്യമാണ് മലിനീകരണത്തിന് കാരണം എന്ന ആശങ്ക പി. ടി. തോമസ് പ്രകടിപ്പിക്കുകയുണ്ടായി. തുടർന്ന് കിറ്റെക്സ് കമ്പനിയുടെ കാര്യത്തിൽ എന്തെങ്കിലും നിയമലംഘനം നടന്നിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിക്കാമെന്നും ഉചിതമായ നടപടിയെടുക്കാമെന്നും തദവസരത്തിൽ മുഖ്യമന്ത്രി സഭയിൽ പ്രസ്താവിക്കുകയും ചെയ്തു. പി. ടി. തോമസ് പ്രസ്തുത വിഷയം സഭയിൽ ഉന്നയിച്ച എന്ന കാരണത്താൽ യൂട്യൂബറായ ശ്രീ. ബെന്നി ജോസഫ് അദ്ദേഹത്തെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന രീതിയിൽ തന്റെ "പച്ചയ്ക്ക് പറയുന്നു" എന്ന യൂട്യൂബ് ചാനലിൽ ഏതാനും ദിവസങ്ങൾക്കകം ഒരു പരിപാടി അവതരിപ്പിക്കുകയും, സഭയിൽ ഉന്നയിച്ച വാദങ്ങൾക്ക് തെളിവ് നൽകാൻ വെല്ലുവിളിക്കുകയും ചെയ്തു. കൈക്കൂലി നൽകാത്തത് കൊണ്ടാണ് താൻ ഈ വിഷയം സഭയിൽ ഉന്നയിച്ചത് എന്ന് ശ്രീ. ബെന്നി ജോസഫ് പരിപാടിയിൽ പറയുകയുണ്ടായി എന്ന പി. ടി. തോമസിന്റെ ആരോപണം നിലനിൽക്കുന്നതല്ല എന്ന്

വിശദമായ പരിശോധനയിൽ സമിതി കണ്ടെത്തുകയുണ്ടായി. എന്നാൽ 'ഒരു എം.എൽ.എ. ആയത് കൊണ്ട് പത്ത് പന്ത്രണ്ട് കൊമ്പൊന്നും ഉണ്ടാകില്ല' , 'തമ്മിൽ ഭേദം തൊമ്മൻ' തുടങ്ങിയ പദപ്രയോഗങ്ങൾ നടത്തിക്കൊണ്ട് സഭാംഗങ്ങളെയാകെ അവഹേളിക്കുന്ന നിലയിലുള്ള പദപ്രയോഗങ്ങൾ ശ്രീ. ബെന്നി ജോസഫ് നടത്തിയിട്ടുള്ളതായി സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ , 'തമ്മിൽ ഭേദം തൊമ്മൻ' എന്ന പദപ്രയോഗത്തിലൂടെ മറ്റുള്ള പലരേക്കാൾ ഭേദം എന്നാണ് താൻ ഉദ്ദേശിച്ചതെന്ന് ശ്രീ. ബെന്നി ജോസഫ് വ്യക്തമാക്കിയെങ്കിലും, മലയാള ഭാഷാ പദപ്രയോഗം പരിശോധിക്കുമ്പോൾ തമ്മിൽ ഭേദം തൊമ്മൻ' എന്നതിന് മറ്റുള്ളവരേക്കാൾ ഭേദം ഇയാൾ തന്നെയാണ് എന്നതാണ് അർത്ഥമാക്കുന്നതെന്ന് വിലയിരുത്തിയ സമിതി , ഈ പരാമർശത്തിലൂടെ ഒരു സാമാജികന്റെ പ്രവർത്തനത്തെക്കുറിച്ച് വീക്ഷിക്കാത്ത ഒരാൾ ആരോപണങ്ങളുമായി ബന്ധമില്ലാത്ത സാമാജികരെ കൂടി മോശക്കാരായി ചിത്രീകരിച്ച് ജനങ്ങൾക്കിടയിൽ അവമതിപ്പ് ഉളവാക്കുന്നതിനും, നിയമസഭാ സാമാജികരെല്ലാം മോശക്കാരാണെന്ന് ധ്വനിപ്പിക്കുന്ന അഭിപ്രായം ഉണ്ടാക്കുന്നതിനും ശ്രീ. ബെന്നി ജോസഫിന്റെ പരിപാടി സഹായകരമായെന്ന് നിരീക്ഷിക്കുന്നു. തെളിവെടുപ്പ് യോഗത്തിൽ, പ്രസ്തുത പരാമർശത്തിൽ താൻ ഉറച്ചുനിൽക്കുന്നതായും, എന്നാൽ കൃത്യമായി ആരെയൊക്കെയാണ് തന്റെ ഈ പരാമർശം കൊണ്ടുദ്ദേശിക്കുന്നത് എന്ന് ആവർത്തിച്ച് ചോദിച്ചിട്ടും അദ്ദേഹം ഇക്കാര്യത്തിൽ വ്യക്തത വരുത്തുകയുണ്ടായില്ല. അതുകൊണ്ട് തന്നെ സഭാംഗങ്ങളെ തന്റെ പരിപാടിയിലൂടെ അവഹേളിക്കുക എന്ന ദുരുദ്ദേശ്യം ശ്രീ. ബെന്നി ജോസഫിന് ഉള്ളതായി സംശയലേശമെന്യേ സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി.

ഭരണഘടനയുടെ അനുച്ഛേദം 194(1) പ്രകാരം സഭാ ചട്ടങ്ങൾക്ക് വിധേയമായി കേരള നിയമസഭയിലെ അംഗങ്ങൾക്ക് സംസാര സ്വാതന്ത്ര്യം ഉണ്ട്. പി. ടി. തോമസ് തനിക്ക് സഭാചട്ടം 62 നൽകുന്ന അധികാരം വിനിയോഗിച്ച് അടിയന്തരവും പൊതുപ്രാധാന്യവുള്ള ഒരു വിഷയം സഭാദ്ധ്യക്ഷനായ സ്പീക്കറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ അവതരിപ്പിക്കുകയും വിഷയത്തിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചട്ടം അനുശാസിക്കും പ്രകാരം സഭയിൽ മറുപടി ഉണ്ടാകുകയും അതിന് ശേഷം സഭ തുടർ നടപടികളിലേക്ക് കടക്കുകയും ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സഭയിൽ മുഖ്യമന്ത്രി നടത്തിയ പ്രസ്താവന കണക്കിലെടുക്കാതെ വിഷയം ഉന്നയിച്ച അംഗത്തിനെ അതിന്റെ പേരിൽ സോഷ്യൽ മീഡിയാ ചാനൽ പരിപാടിയിലൂടെ മോശമായ പദപ്രയോഗങ്ങളിലൂടെ അധിക്ഷേപിക്കുകയും സഭയിൽ ഇത്തരം വിഷയങ്ങൾ ഉന്നയിക്കുന്ന സഭാംഗങ്ങളെ ആകെത്തന്നെ അവഹേളിക്കുന്ന പരാമർശങ്ങൾ നടത്തുകയുമാണ് ശ്രീ. ബെന്നി ജോസഫ് തന്റെ നടപടിയിലൂടെ ചെയ്തിരിക്കുന്നത്.

ജനാധിപത്യപരമായി വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നു വരുന്ന വേദിയാണ് നിയമസഭ. അംഗങ്ങൾക്ക് സംസ്ഥാന താൽപര്യങ്ങൾക്കനുസൃതമായ വിഷയങ്ങൾ

പൊതുവേയും തങ്ങളുടെ മണ്ഡലത്തിലെ കാര്യങ്ങളിൽ പ്രത്യേകമായും ശ്രദ്ധ ക്ഷണിക്കലിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും അതിന് അപ്പോൾത്തന്നെ ബന്ധപ്പെട്ട മന്ത്രിമാരിൽ നിന്നും മറുപടി ലഭ്യമാക്കുന്നതിനും സഭാ ചട്ടങ്ങൾ അംഗങ്ങൾക്ക് അവസരമൊരുക്കുന്നു. നിയമനിർമ്മാണമെന്ന പ്രഥമ കർത്തവ്യത്തിന് പുറമേ പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട വിഷയങ്ങളുടെ നിജസ്ഥിതി ചോദ്യരൂപേണയോ, ശ്രദ്ധക്ഷണിക്കൽ മുഖേനയോ, ചട്ടം അനുശാസിക്കുന്ന മറ്റ് ചർച്ചകളിലൂടെയോ ഒക്കെയാണ് അംഗങ്ങൾ പൊതുജനങ്ങളുടെ മുമ്പിൽ കൊണ്ടുവരുന്നത്. ഒരംഗത്തിന്റെ ഉത്തമ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സഭയിൽ വിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ അതിനെ അപമാനിക്കുകയും അതിനെതിരെ ദുരാരോപണങ്ങൾ ഉന്നയിക്കുകയും ആയത് നുണയാണെന്നുള്ള പൊതുവായ പ്രസ്താവനകൾ നടത്തുകയും ചെയ്യുന്നത് ജനപ്രതിനിധികളെ പൊതുജനമദ്ധ്യത്തിൽ അപമാനിക്കുന്നതും അവരുടെ സഭാംഗമെന്ന നിലയിലുള്ള പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നുമുള്ള കാര്യം ഊന്നിപ്പറയുവാൻ സമിതി ആഗ്രഹിക്കുന്നു. എന്നാൽ ഇത്തരം നടപടികൾ തന്റെ യൂട്യൂബ് ചാനലിലൂടെ ആവർത്തിച്ച് ചെയ്യുമെന്ന ശ്രീ. ബെന്നി ജോസഫിന്റെ നിലപാട് ഭരണഘടനയോടും നമ്മുടെ ജനാധിപത്യ സംവിധാനങ്ങളോടുള്ള വെല്ലുവിളിയാണെന്നും ഇത്തരം നടപടികൾ യാതൊരു കാരണവശാലും അംഗീകരിക്കുവാൻ കഴിയുന്നതല്ലെന്നും സമിതി വിലയിരുത്തുന്നു.

നിയമസഭാ സാമാജികർ സഭയിൽ ഉന്നയിച്ച വിഷയങ്ങളിൽ ഒരു പൗരന് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അവ പ്രകടിപ്പിക്കുന്നതിന് മറ്റ് പ്രതിവിധികൾ ഉണ്ടെന്നിരിക്കെ ഇത്തരത്തിലുള്ള നിലപാടുമായി മുന്നോട്ടുപോകുന്നത് പ്രോത്സാഹിപ്പിക്കാൻ പാടില്ലയെന്നതാണ് സമിതിയുടെ സുചിന്തിതമായ അഭിപ്രായം. സഭയുടെ പ്രത്യേകാവകാശങ്ങളെക്കുറിച്ച് ബോധ്യമുള്ള ആളാണ് താനെന്ന് പറയുമ്പോഴും തന്റെ പരിപാടിയിൽ ശ്രീ. ബെന്നി ജോസഫ് ബോധപൂർവ്വം അംഗങ്ങളുടെ പ്രത്യേക അവകാശത്തെ ഹനിക്കുന്ന തരത്തിലുള്ള പ്രവർത്തനമാണ് നടത്തിയിട്ടുള്ളതെന്ന് സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 19(1)(a) പൗരന്മാർക്ക് സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ട്. ഈ സ്വാതന്ത്ര്യം പ്രകടിപ്പിക്കാൻ താൻ ഏതറ്റംവരെയും പോകുമെന്നാണ് ശ്രീ. ബെന്നി ജോസഫ് പറയുന്നത്. എന്നാൽ ഈ സ്വാതന്ത്ര്യം ന്യായമായ നിയന്ത്രണങ്ങൾക്ക് (reasonable restrictions) വിധേയമാണെന്ന് അതേ അനുഛേദത്തിൽത്തന്നെ പറയുന്നുമുണ്ട്. അതുപോലെ നിയമസഭാംഗങ്ങൾക്ക് ജനകീയ വിഷയങ്ങൾ നിർഭയമായി സഭയിൽ ഉന്നയിക്കുന്നതിനായുള്ള അവകാശം ഉറപ്പുവരുത്തുന്നതാണ് ഭരണഘടനയുടെ അനുച്ഛേദം 194(1). സഭയ്ക്കും അതിലെ അംഗങ്ങൾക്കും അവകാശപ്പെട്ടതും

ഭരണഘടനാദത്തമായതുമായ പ്രത്യേക അവകാശം ഹനിക്കുന്നതിന് ഭരണഘടനയുടെ സംസാരസ്വാതന്ത്ര്യത്തെ ശ്രീ. ബെന്നി ജോസഫ് കൂട്ടുപിടിച്ചത് ഒരു കാരണവശാലും നീതീകരിക്കപ്പെടുന്ന ഒന്നല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു.

തന്റെ യൂട്യൂബ് ചാനലിലൂടെയുള്ള പരാമർശങ്ങൾ വ്യക്തിപരമായി ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് സാംഷ്ടാംഗം മാപ്പ് പറയുകയും നിയമസഭയുടെ അന്തസ്സിന് കോട്ടം തട്ടുന്ന രീതിയിൽ താൻ എന്തെങ്കിലും ചെയ്തതായി തോന്നുന്നില്ലെന്നും അഥവാ അങ്ങനെ തോന്നിയിട്ടുണ്ടെങ്കിൽ അതിന് മാപ്പ് പറയുകയും ചെയ്യുന്നതായി ശ്രീ. ബെന്നി ജോസഫ് സമിതിയെ അറിയിക്കുകയുണ്ടായെങ്കിലും തന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയെ വീണ്ടും വീണ്ടും ന്യായീകരിക്കുന്ന പ്രവണതയാണ് ശ്രീ. ബെന്നി ജോസഫ് സമിതി മുൻപാകെ പ്രകടിപ്പിച്ചത്. ഈ നടപടി സഭയോടുള്ള അനാദരവായി കണക്കാക്കി ശിക്ഷാ നടപടികൾക്ക് വിധേയമാക്കാൻ പര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു.

കഴിഞ്ഞകാലങ്ങളിൽ പത്രങ്ങളിലും ഇടക്കാലങ്ങളിൽ ദൃശ്യമാധ്യമങ്ങളിലും സഭാ പ്രവർത്തനത്തിന്റെ ഭാഗമായി അംഗങ്ങൾ നടത്തിയിട്ടുള്ള പ്രസ്താവനകളെ വിമർശിച്ചുകൊണ്ടും, അംഗങ്ങളെ തേജോവധം ചെയ്തുകൊണ്ടും, പ്രവർത്തനങ്ങൾക്കു വിഘ്നം നിന്നുകൊണ്ടുമുള്ള പ്രവണതകൾ ധാരാളമുണ്ടായിട്ടുണ്ട്. അത്തരത്തിൽ തികച്ചും വിവേചനരഹിതമായി പ്രവർത്തിക്കുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും അനൗചിത്യ നടപടികളെ ഒരു പരിധി വരെ തിരുത്താൻ മുൻകാലങ്ങളിൽ സഭക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ പൊതുസമൂഹത്തിൽ സോഷ്യൽ മീഡിയയുടെ ആവിർഭാവത്തോടെ അടിസ്ഥാനരഹിതമായ ആരോപണങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കുന്നതിൽ ഒരു തത്വദീക്ഷയും പാലിക്കാത്ത സാഹചര്യം സംജാതമായിരിക്കുന്ന സാഹചര്യത്തിൽ ഓരോന്നിന്റേയും യുക്തിസഹമായ തിരുത്തൽ പ്രക്രിയയുടെ സങ്കീർണ്ണത വർദ്ധിച്ചിരിക്കുക യാണ്. ഇന്ന് ഏതൊരാൾക്കും ഒരു യൂട്യൂബ് ചാനൽ ആരംഭിക്കാനും അതിലൂടെ തനിക്കുള്ള അഭിപ്രായം പ്രകടിപ്പിക്കുന്നതിനും ഒരു തരത്തിലുള്ള നിയന്ത്രണവും ഇല്ലാത്ത സ്ഥിതിയാണ്. നിയമസഭയുടെ പ്രത്യേകാവകാശങ്ങളെ ഹനിക്കുന്ന ഓരോ പരിപാടികളെയും വിലയിരുത്തി അവയ്ക്ക് എതിരെ നടപടി സ്വീകരിക്കുക എന്നത് പ്രായോഗികമല്ലെങ്കിൽ പോലും, ജനാധിപത്യത്തിന്റെ അടിസ്ഥാനശിലകളിലൊന്നായ നിയമനിർമ്മാണ സഭകളുടെയും അതിലെ അംഗങ്ങളുടേയും ഭരണഘടനാദത്തമായ പ്രത്യേക അവകാശങ്ങൾ ബോധപൂർവ്വം ലംഘിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി അത്തരക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ യഥാസമയം തന്നെ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി ഉറച്ചു വിശ്വസിക്കുന്നു.

**സമിതിയുടെ ശിപാർശ**

ബഹു. അംഗം പി. ടി. തോമസ് ശ്രദ്ധ ക്ഷണിക്കലിലൂടെ സഭയിൽ ഉന്നയിച്ച വിഷയത്തെ ആസ്പദമാക്കി ശ്രീ. ബെന്നി ജോസഫ് തന്റെ 'പച്ചയ്ക്ക് പറയുന്നു' എന്ന യൂട്യൂബ് ചാനലിലൂടെ നടത്തിയ പരാമർശങ്ങൾ പി.ടി. തോമസിനും നിയമസഭാ സാമാജികർക്ക് ആകെയും അവമതിപ്പ് ഉണ്ടാക്കുന്നതാണെന്നും നിയമസഭാ സാമാജികർക്ക് തങ്ങളുടെ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾക്ക് വിധേയമായി സംസാരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നും, നിയമസഭയ്ക്കും സാമാജികർക്കും ഭരണഘടനാദത്തമായ ചില പ്രത്യേക അവകാശങ്ങൾ ഉണ്ടെന്നും വ്യക്തമായ ബോധ്യം ഉണ്ടായിരിക്കെ, അപ്രകാരം ഒരു പ്രവർത്തിയിൽ ഏർപ്പെടുകയും തുടർന്ന് സമിതി നൽകിയ കാരണം കാണിക്കൽ നോട്ടീസ് ഉയർത്തിക്കാട്ടി വീണ്ടും യൂട്യൂബിലൂടെ ദുരാരോപണം ആവർത്തിക്കുകയുമാണ് ശ്രീ. ബെന്നി ജോസഫ് ചെയ്തത് .തന്റെ ഭാഗത്ത് നിന്നുണ്ടായ നടപടിയെ വീണ്ടും വീണ്ടും ന്യായീകരിച്ചതിന് ശേഷം കേവലമായ ഒരു ഖേദപ്രകടനം മാത്രമാണ് അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. ശ്രീ. ബെന്നി ജോസഫിനെതിരെ പി. ടി. തോമസ് നൽകിയ അവകാശലംഘന നോട്ടീസ് നിലനിൽക്കുന്ന ഒന്നാണെന്ന് ഇത് സംബന്ധിച്ച് സമിതി നടത്തിയ വിശദമായ അന്വേഷണത്തിലൂടെയും തെളിവെടുപ്പിലൂടെയും പൂർണ്ണമായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമസഭാ സാമാജികന്റെ നിയമസഭയ്ക്കകത്തെ പ്രസംഗത്തെ തന്റെ യൂട്യൂബ് ചാനലിലൂടെ അധിക്ഷേപിക്കുകയും ദുരാരോപണങ്ങൾ നടത്തുകയും ചെയ്തത് പ്രസ്തുത അംഗത്തിന്റെ ഭരണഘടനാദത്തമായ അവകാശങ്ങളുടെ ലംഘനമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി നൽകിയ കാരണം കാണിക്കൽ നോട്ടീസ് ഉയർത്തിക്കാണിച്ച് കൊണ്ട് നിയമസഭയേയും അതിലെ മറ്റംഗങ്ങളെയും അധിക്ഷേപിക്കുന്ന തരത്തിൽ ശ്രീ.ബെന്നി ജോസഫ് തന്റെ യൂട്യൂബ് ചാനലിലൂടെ നടത്തിയ പരിപാടിയിൽ സഭയേയും അതിലെ അംഗങ്ങളെയും വീണ്ടും അധിക്ഷേപിച്ചതും ഗുരുതരമായ അവകാശലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഇക്കാര്യത്തിൽ ബോധപൂർവ്വം സഭയുടേയും അംഗത്തിന്റേയും അവകാശങ്ങൾ ലംഘിക്കുവാൻ ഉദ്ദേശിച്ചിരുന്നില്ലെന്നും അതു സംബന്ധിച്ച് ആർക്കെങ്കിലും മാനസിക വൈഷമ്യം ഉണ്ടായിട്ടുണ്ടെങ്കിൽ നിർവ്യാജം ഖേദിക്കുന്നുവെന്നും ശ്രീ. ബെന്നി ജോസഫ് സമിതി മുമ്പാകെ ഹാജരായി ബോധിപ്പിച്ച സാഹചര്യത്തിൽ മേലിൽ ഇത്തരം പ്രവണതകൾ ഉണ്ടാകാൻ പാടില്ലെന്ന ശക്തമായ താക്കീതോടെ മറ്റ് ശിക്ഷാ നടപടികളിൽ നിന്നും ശ്രീ. ബെന്നി ജോസഫിനെ ഒഴിവാക്കണമെന്നും അവകാശലംഘന നോട്ടീസിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>അനുബന്ധം 1</u>

പി.ടി. തോമസ് | തിരുവനന്തപുരം,
(തൃക്കാക്കര) | 8-6-2021.
മെമ്പർ

കേരള നിയമസഭ

ബഹു. സ്പീക്കർ,

നിയമസഭാ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 155 പ്രകാരം ശ്രീ. ബെന്നി ജോസഫ് (തെറ്റയിൽ വീട്, സെന്റിനറി റോഡ്, കലൂർ, എറണാകുളം) നെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ഞാൻ ഇതിനാൽ നോട്ടീസ് നൽകുന്നു.

തൃക്കാക്കര നിയോജക മണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണംമൂലം ജനങ്ങൾ നേരിടുന്ന പ്രതിസന്ധിയെ കുറിച്ച് ജൂൺ ഒന്നാം തീയതി നിയമസഭയിൽ ചട്ടം 62 പ്രകാരം ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു. പ്രസ്തുത ശ്രദ്ധ ക്ഷണിക്കലിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണമായ വ്യവസായ സ്ഥാപനങ്ങളെ കുറിച്ച് ഞാൻ പരാമർശിക്കുകയും അത് അടച്ച് പൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിൽ പ്രകോപിതനായി ശ്രീ. ബെന്നി ജോസഫ് തന്റെ Pachakku Parayunnu എന്ന യൂട്യൂബ് (https://youtube/TKjfKQ1ob98) എന്ന ചാനലിലൂടെ ഞാൻ നുണയാണ് നിയമസഭയിൽ പറഞ്ഞതെന്നും, കൈക്കൂലി കിട്ടാത്തതിനാലാണ് ഞാൻ ഈ വിഷയം സഭയിൽ ഉന്നയിച്ചതെന്നും ആക്ഷേപിച്ചിരുന്നു. ഇന്ത്യൻ ഭരണഘടന നിയമസഭാ സാമാജികർക്ക് വിശേഷാധികാരം അനുച്ഛേദം 194 പ്രകാരം നൽകിയിട്ടുണ്ട്. "ഭരണഘടനയുടെ വ്യവസ്ഥകൾക്കും നിയമനിർമ്മാണമണ്ഡലത്തിന്റെ നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും നിലവിലുള്ള ഉത്തരവുകൾക്കും വിധേയമായി ഓരോ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലും സംസാര സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ് " എന്ന് അനുശാസിക്കുന്നു. ഇന്ത്യൻ ഭരണഘടന നൽകുന്ന ഈ വിശേഷാവകാശത്തെ നിഷേധിക്കുന്നതിനുള്ള ശ്രമമാണ് ശ്രീ.ബെന്നി ജോസഫിന്റെ

ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. നിയമസഭയിൽ ഞാൻ നുണയാണ് പറഞ്ഞതെന്നതിലൂടെ എന്നെ ജനമധ്യത്തിൽ മോശക്കാരനാക്കാനുള്ള ശ്രമം കൂടി അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം വിഷയങ്ങൾ നിയമസഭയിൽ ഉന്നയിക്കുന്നതിൽ നിന്നും എന്നെ പിൻതിരിപ്പിക്കുന്നതിനുമുള്ള ഗൂഢശ്രമമാണ് ഇതിലൂടെ ഉണ്ടായിട്ടുള്ളത്. നിയമസഭാ സാമാജികനെന്ന നിലയിലുള്ള എന്റെ പ്രത്യേക അവകാശങ്ങളുടെ ലംഘനം നടത്തുകയും, അതിലൂടെ നിയമസഭയെ തന്നെ അവഹേളിക്കുവാനും ശ്രമം നടത്തിയ ശ്രീ. ബെന്നി ജോസഫിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

പി.ടി. തോമസ്

ബഹു. സ്പീക്കർ

കേരള നിയമസഭ.

<u>അനുബന്ധം 2</u>

നം.9243/ടേബിൾ - 2/2021/നി.സെ. തിരുവനന്തപുരം,
25-6-2021.

സെക്രട്ടറി

ശ്രീ. ബെന്നി ജോസഫ്
തെറ്റയിൽ വീട്, സെന്റിനറി റോഡ്,
കലൂർ,എറണാകുളം

സർ,

വിഷയം:- പതിനഞ്ചാം കേരള നിയമസഭ – ശ്രീ. പി. ടി തോമസ് എം.എൽ.എ താങ്കൾക്കെതിരെ നൽകിയ അവകാശലംഘനനോട്ടീസ് - സംബന്ധിച്ച്.

2021 ജൂൺ 1-ന് ശ്രീ. പി. ടി തോമസ് എം.എൽ.എ സഭയിൽ നടത്തിയ ശ്രദ്ധ ക്ഷണിക്കലിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണമായ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പരാമർശിക്കുകയും അത് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നതിൽ പ്രകോപിതനായി താങ്കൾ അദ്ദേഹത്തെ യൂട്യൂബ് ചാനലിലൂടെ ആക്ഷേപിച്ചെന്നും ഇത് ഭരണഘടനയുടെ അനുച്ഛേദം 194, സാമാജികർക്ക് നൽകുന്ന വിശേഷാവകാശത്തെ നിഷേധിക്കുന്നതിനുള്ള ശ്രമമാണെന്നും തന്നെ ജനമധ്യത്തിൽ മോശക്കാരനാക്കാനുള്ള ശ്രമമാണെന്നും ആയതിനാൽ താങ്കൾക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. പി. ടി തോമസ് എം. എൽ. എ. നൽകിയ നോട്ടീസ് ബഹു. സ്പീക്കർ പരിഗണിക്കുകയും താങ്കൾക്ക് ഇത് സംബന്ധിച്ച് പറയുവാനുള്ളത് എന്താണെന്ന് ആരായാൻ ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ, നോട്ടീസിൽ ഉന്നയിച്ച വിഷയത്തിന്മേലുള്ള താങ്കളുടെ പ്രതികരണം ബഹു. സ്പീക്കർക്ക് സമർപ്പിക്കുന്നതിനായി അടിയന്തരമായി ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പരാതിയുടെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ദീപക് എസ് . വി.
*അണ്ടർ സെക്രട്ടറി,*
*സെക്രട്ടറിക്കു വേണ്ടി .*

ഉള്ളടക്കം: നോട്ടീസിന്റെ പകർപ്പ്

അനുബന്ധം 3

From

Benny Joseph,

Thettayil House, Rainbow,

Centenary Road, Kaloor,

Kochi-682017

To

The Secretary,

Kerala Legislative Secretariat,

P.O. Box No.5430,

Thiruvananthapuram-695033

Sir,

Sub: 15th Kerala Legislative Assembly-Notice of Breach of Privilege of Sri P.T. Thomas MLA-Response to the notice-submitted.

Ref:
1. Letter dated 8-6-2021 of Sri P.T. Thomas (Thrikkakara) Member of Legislature, Kerala Legislature Assembly to the Hon'ble Speaker, Kerala Legislative Assembly.
2. Letter No. 9243/Table-2/2021/LS dated 25-6-2021 of the Under Secretary for the Secretary, Kerala Legislative Secretariat

WITH REFERENCE TO THE ABOVE, I DO HEREWITH MOST HUMBLY SHEWETH AS FOLLOWS:

1. That, this is in reference to the letter cited as 2nd paper above enclosing the copy of letter dated 8-6-2021, cited as 1st paper above, of Sri P. T. Thomas, MLA, to the Hon'ble Speaker, Kerala Legislative Assembly, requiring me to give my response on the subject matter raised in the letter referred as first paper as above, and I am submitting the response as follows.

2. At the outset I humbly submit that I have not committed breach of privilege of Kerala Legislative Assembly or Sri. P. T. Thomas MLA as a member of Kerala Legislative Assembly. I have not insulted or made any allegation against Sri. P. T. Thomas MLA as alleged by him in his notice under reply. My telecast through YouTube referred to in the notice of Sri. P. T. Thomas was made in public interest and not to tarnish the image of either Kerala Legislative Assembly or Sri. P. T. Thomas MLA. I have not stated that Sri. P. T. Thomas raised the question regarding causing of pollution of Kadambrayar River by industrial units provoked by the question raised by Sri. P. T. Thomas. First of all, it is incorrect to say that the question raised by Sri. P. T. Thomas in the Kerala Legislative Assembly was not regarding pollution caused by industrial units but the question regarding pollution caused to Kadambrayar River was pointedly related to M/s.KITEX Pvt Ltd. Sri. P. T. Thomas MLA specifically stated in his speech in the Kerala Legislative Assembly that it was M/s. KITEX Pvt Ltd was causing pollution of Kadambrayar River and that KITEX Pvt Ltd to be closed. It can thus be seen that the statement in the notice of Sri. P. T. Thomas that he had remarked that certain industrial establishments which was causing pollution of Kadambrayar River is not correct. Sri. P. T. Thomas MLA was not making a mere remark but it was his forceful assertion in the Legislative Assembly that M/s KITEX Pvt Ltd was causing the pollution. In my YouTube telecast I had only pointed out that Sri. P. T. Thomas was not telling the truth. I have also given my reasons as to why I was of the opinion that Sri. P. T. Thomas MLA was not telling the truth in the Legislative Assembly. I have not stated in my YouTube telecast that Sri. P. T. Thomas raised the question in the Legislative Assembly regarding pollution caused by the industries for the reason that he did not get bribe. I have not stated that Sri. P. T. Thomas stated in the Kerala Legislative Assembly that the industries should be closed for polluting Kadambrayar River since he was not paid bribe. My reference to 'bribe' was only relating to the politicians in general and it was only a question posed are the politicians keeping quiet for more than 20 years in spite of the two major political fronts ruled Kerala on account of not having been paid by the companies. There was no pointed reference to Sri. P. T. Thomas MLA with regard to the general question of corruption prevalent among politicians cutting across various political parties. In

fact, in the YouTube telecast my reference to Sri. P. T. Thomas MLA was that he is a clean politician when compared to others. There is therefore no reason for Sri. P. T. Thomas MLA to think that I had alleged in my YouTube telecast that he stated in the legislative assembly that industries which caused pollution of Kadambrayar River was for the reason of not getting bribe. There is not even remotest reference in my YouTube telecast that Sri. P. T. Thomas MLA is a politician who is corrupt. On the other hand, my YouTube telecast categorically states that Sri. P. T. Thomas MLA is not a corrupt politician. My reference to Sri. P. T. Thomas as a clean politician is for the purpose of pointing out that if such an MLA is telling falsehood in the Legislative Assembly what could be the fate of the people in the hands of politicians who are not as clean as Sri. P. T. Thomas MLA. It is unfortunate that Sri. P. T. Thomas MLA mistook and misunderstood my YouTube telecast and has given notice against me for breach of privilege as an MLA.

3. It is submitted that the notice of Sri. P. T. Thomas does not make out even prima facie a breach of privilege of what Sri. P. T. Thomas said or done during the Legislative Proceedings in the Kerala Legislative Assembly. There is no basis for the allegation that I have made the telecast in the YouTube for tarnishing his image among the public. There is also no basis for the allegation of Sri. P. T. Thomas that the YouTube telecast in question was made by me for preventing him from raising such issues in the Kerala Legislative Assembly. A casual watching of my YouTube telecast will show that there is no reason for Sri. P. T. Thomas MLA that the YouTube telecast in question was meant for preventing him from raising such issues before the Kerala Legislative Assembly in future. It is submitted that Sri. P. T. Thomas MLA is a seasoned politician and an experienced legislator. It is too much to say that he would refrain himself from raising such issues only because of my YouTube telecast. A close watching of my YouTube telecast will show that I hold Sri. P. T. Thomas MLA in high esteem as a politician and MLA. However, I was surprised a person like Sri. P. T. Thomas MLA would have stated a lie before the Kerala Legislative Assembly. As a social activist, an environmental activist and as a citizen of India, I am entitled to point out the lapse of Sri. P. T. Thomas MLA in the Kerala Legislative Assembly. In the normal course, Sri. P. T. Thomas MLA should have been grateful enough for

the mistake pointed out by me, verify the facts and correct the mistake not only in the interest of the public but also to uphold the majesty of Kerala Legislative Assembly.

4. A close watching of my YouTube telecast will show that I have not interfered with the proceedings of Kerala Legislative Assembly in any manner. I have also not said anything about the character of Sri. P. T. Thomas MLA as a member of Kerala Legislative Assembly. I have also not spoken badly about the character of Sri. P. T. Thomas MLA as a MLA, while conducting or partaking in the conduct of the proceedings of the Kerala Legislative Assembly. Therefore, the issue raised by Sri. P. T. Thomas MLA will not come within the purview of Article 194 of the Constitution of India. I have not denied the freedom of Sri. P. T. Thomas MLA as a legislator in the Kerala Legislative Assembly while partaking in the proceedings of Kerala Legislative Assembly. I have only expressed my opinion as to what Sri. P.T. Thomas, M.L.A said in the Kerala Legislative Assembly and that too with good intention and in public interest. My freedom of expression as a citizen guaranteed under Constitution of India has not been and cannot be taken away in the case of Legislative Privilege under Article 194 of the Constitution of India.

5. It is submitted that I have not published any proceedings in the Kerala Legislative Assembly or anything said by Sri. P. T. Thomas in the Kerala Legislative Assembly in the process of Kerala Legislative Assembly, in any manner. I have only quoted correctly what Sri. P. T. Thomas MLA said in the Kerala legislative Assembly. After seeing what Sri. P. T. Thomas MLA said in Kerala Legislative Assembly, I gave an opinion that Sri. P. T. Thomas MLA was not speaking the truth. By any stretch of imagination this would amount to breach of legislative privilege under Article 194 of the Constitution of India. On the other hand, Sri. P. T. Thomas MLA has misquoted what he actually said in the Kerala Legislative Assembly in his notice dated 8-6-2021. Not only he misquoted himself in his notice dated 8-6-2021, he also distorted and misquoted what he and the Hon'ble Chief Minister said in the Legislative Assembly. In an interview given by him to a YouTube news channel “Malayali Vartha” to a pointed question by the host of the news channel Sri. P. T. Thomas MLA said that the

Hon'ble Chief Minister did not reply to his question and that the Hon'ble Chief Minister was playing hide and seek. A close watching of the Legislative Proceedings in question will show that in reply to the question of Sri. P. T. Thomas MLA, regarding the alleged polluting of Kadambrayar River by M/s. KITEX Pvt. Ltd. the Hon'ble Chief Minister said that necessary action would be taken in the matter. Therefore, by publishing a distorted version of what happened in the Kerala Legislative Assembly it was Sri P. T. Thomas MLA who committed Breach of Privilege of the Kerala Legislative Assembly. In fact, it was against Sri P. T. Thomas MLA, action for Breach of Privilege has to be taken.

6. In his aforesaid interview to Malayali Vartha to a pointed question as to why the Hon'ble High Court should not be approached against the pollution caused by M/s KITEX Pvt. Ltd. and to close down the company, Sri P. T. Thomas MLA said that there is no meaning in so doing because of the Octopussy tendency shown by the Court. In a matter which was subject matter of discussion in the Kerala Legislative Assembly the Contempt of Court of Sri P. T. Thomas MLA has to be viewed very seriously.

7. It is submitted that in my You Tube statement I have categorically stated that if M/s. KITEX Pvt. Ltd. is polluting Kadambrayar River, I will be in the forefront to fight against the company and to close down the company. It is therefore too much for Sri P. T. Thomas to think that I am making statements against you to make him to refrain from raising such issues in the Legislative Assembly. Since I myself was in favour of closing down of M/s KITEX Pvt. Ltd. there is no basis or foundation for the allegation of Sri P. T. Thomas. It is submitted that I am a Freelance Journalist apart from being a Social Activist and is in the field of journalism over a long number of years. The attempt of Sri P. T. Thomas MLA is to encroach upon the Freedom of Journalist like me to prevent us from speaking against him when it is crystal clear that he is not speaking the truth. This amounts to Breach of Freedom of Press which is an important pillar of democracy.

8. It is submitted that by any stretch of imagination, our Constitutional Ethos in the form of Constitutional Declaration of " Satyameva Jayate" does not permit a MLA speaking lie in the Legislative Assembly. By any stretch of imagination,

the immunity provided under Article 194 of the Constitution of India cannot be a license to tell utter falsehood in the Legislative Assembly. Article 194 of the Constitution of India has a purpose to serve. The purpose is to enable members of Legislative Assembly to speak freely and fearlessly and not to say anything which is against the Constitutional Morality or Decency which is an integral part of our Constitutional motley.

For the aforesaid reasons, I would request the aforesaid explanation may be accepted, all further proceedings against me may be dropped and treat the matter as closed.

Yours faithfully

Place: Ernakulam

Sd/-

Dated: 27-7-2021

Benny Joseph

<u>അനുബന്ധം 4</u>

പതിനഞ്ചാം കേരള നിയമസഭ

## ബുള്ളറ്റിൻ - ഭാഗം 2

2021 ആഗസ്റ്റ് 12

**നമ്പർ: 80**

<u>ശ്രീ. പി.ടി.തോമസ്, എം.എൽ.എ. ശ്രീ. ബെന്നി ജോസഫിനെതിരെ സമർപ്പിച്ച പരാതി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്</u>

2021 ജൂൺ 1-ാം തീയതി തന്റെ മണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചട്ടം 62 പ്രകാരം മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സഭയിൽ ചെയ്ത പ്രസംഗത്തിനെ തനിക്ക് ഹാനികരമാംവിധം വസ്തുതാ വിരുദ്ധമായി ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി അദ്ദേഹത്തിന്റെ യൂട്യൂബ് ചാനലിലെ പരിപാടിയിൽ അവതരിപ്പിക്കുകയുണ്ടായെന്നും ഇങ്ങനെ ചെയ്യുക വഴി ശ്രീ. ബെന്നി ജോസഫ് ഭരണഘടനയിലെ അനുച്ഛേദം 194 പ്രകാരം നിയമസഭാസാമാജികനെന്ന നിലയിലുള്ള തന്റെ അവകാശങ്ങളെ ഹനിച്ചിരിക്കുകയാണെന്നും ആയതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ.പി.ടി.തോമസ്, എം.എൽ.എ. നൽകിയ അവകാശലംഘനനോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 11-8-2021-ന് റഫർ ചെയ്തിരിക്കുന്നു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

അനുബന്ധം 5

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2021 സെപ്റ്റംബർ 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി(2021-2023)-യുടെ പ്രഥമയോഗം 2021 സെപ്റ്റംബർ 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.
2. ശ്രീ. മാത്യു ടി. തോമസ്, എം. എൽ. എ.
3. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
4. ശ്രീ. ടി. പി. രാമകൃഷ്ണൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി റീന. വി. ആർ. , ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ദീപക്.എസ്.വി., അണ്ടർ സെക്രട്ടറി.

ശ്രീ.പി.ടി.തോമസ് , എം. എൽ. എ. യൂട്യൂബറായ ശ്രീ.ബെന്നി ജോസഫ് എന്ന വ്യക്തിക്കെതിരെ സമർപ്പിച്ചിരുന്നതും ബഹു.സ്പീക്കർ സമിതിയുടെ പരിഗണനക്കായി റഫർ ചെയ്തിരുന്നതുമായ അവകാശലംഘന നോട്ടീസിൻമേൽ ശ്രീ. പി. ടി. തോമസ് , എം.എൽ.എ.-യിൽ നിന്നും അധിക വിവരങ്ങൾ ആരായുന്നതിനായും തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു.

അനുബന്ധം 6

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2021 സെപ്റ്റംബർ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി (2021-2023)-യുടെ യോഗം 2021 സെപ്റ്റംബർ 20-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.
2. ശ്രീ. മാത്യു ടി. തോമസ്, എം. എൽ. എ.
3. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
4. ശ്രീ. എച്ച്.സലാം, എം. എൽ. എ.

കൂടാതെ ശ്രീമതി കെ. കെ .ശൈലജ ടീച്ചർ, എം.എൽ.എ. ഓൺലൈൻ മുഖേനയും യോഗത്തിൽ പങ്കെടുത്തു.

തെളിവെടുപ്പിന് ഹാജരായ അംഗം:

ശ്രീ.പി.ടി.തോമസ് , എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി റീന.വി.ആർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. ടി. തോമസ് , എം. എൽ. എ. യൂട്യൂബറായ ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തിക്കെതിരെ സമർപ്പിച്ചിരുന്നതും ബഹു.സ്പീക്കർ സമിതിയുടെ പരിഗണനക്കായി റഫർ ചെയ്തിരുന്നതുമായ അവകാശലംഘന നോട്ടീസിൻമേൽ, ശ്രീ. പി. ടി. തോമസ് , എം. എൽ. എ. 2021 ജൂൺ മാസം 1-ാം തീയതി നിയമസഭയിൽ നടത്തിയ ശ്രദ്ധ ക്ഷണിക്കൽ പ്രസംഗത്തിന്റെയും, ശ്രീ. ബെന്നി ജോസഫിന്റെ 'Pachakku Parayunnu' എന്ന യൂട്യൂബ് ചാനലിലെ അവകാശലംഘനത്തിനാസ്പദമായ 'തോമാച്ചോ... നിങ്ങൾക്കും ആകാം കോടീശ്വരൻ' എന്ന പരിപാടിയുടേയും വീഡിയോ സമിതി പരിശോധിച്ചു. ആയതിന് ശേഷം ശ്രീ. പി. ടി. തോമസ് , എം. എൽ. എ. നൽകിയ നോട്ടീസിന്മേൽ അധിക വിവരങ്ങൾ നൽകാൻ നേരിട്ട് ഹാജരാകുകയും തെളിവെടുപ്പിനുമുമ്പ് കമ്മിറ്റി

മുമ്പാകെ ചട്ടം 197 പ്രകാരമുള്ള സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. അവകാശലംഘന നോട്ടീസിൽ ഉന്നയിച്ച വിഷയത്തിന്മേൽ ബഹു. അംഗം താഴെപ്പറയുന്ന കാര്യങ്ങൾ സമിതി മുമ്പാകെ ബോധിപ്പിച്ചു.

തന്റെ നിയോജകമണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് 2021 ജൂൺ മാസം 1-ാം തീയതി നിയമസഭയിൽ ചട്ടം 62 പ്രകാരം നടത്തിയ ശ്രദ്ധ ക്ഷണിക്കൽ പ്രസംഗത്തിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണക്കാരായ കിറ്റെക്സ് കമ്പനിയുമായി ബന്ധപ്പെട്ട തെളിവുകൾ സഭ മുമ്പാകെ ഹാജരാക്കിയതിൽ പ്രകോപിതനായ ശ്രീ. ബെന്നി ജോസഫ് വളരെ മോശപ്പെട്ട രീതിയിലുള്ള പ്രതികരണമാണ് തന്നെക്കുറിച്ച് യൂട്യൂബ് ചാനലിലൂടെ നടത്തിയിരിക്കുന്നതെന്നും, നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ഇക്കാര്യം സംബന്ധിച്ച് അദ്ദേഹത്തോട് വിശദീകരണം ആരാഞ്ഞതിന് മറുപടിയായി തന്നെയും, മുഴുവൻ എം. എൽ. എ.-മാരേയും പൊതുപ്രവർത്തകരേയും ആക്ഷേപിച്ചുകൊണ്ടുള്ള ഒരു മണിക്കൂർ പരിപാടിയാണ് ടിയാൻ യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്തതെന്നും ശ്രീ. പി. ടി. തോമസ് , എം. എൽ. എ. സമിതി മുൻപാകെ ബോധിപ്പിച്ചു. നിയമസഭാ സെക്രട്ടേറിയറ്റിന് ശ്രീ. ബെന്നി ജോസഫ് നൽകിയിരിക്കുന്ന മറുപടിയിൽ താനാണ് പ്രിവിലേജ് ലംഘിച്ചിരിക്കുന്നതെന്നും താൻ സത്യം പറയാത്ത ആളാണെന്നും ഭരണഘടന ലംഘിക്കുന്നയാളാണെന്നും മാന്യതയില്ലാത്തയാളാണെന്നും വീണ്ടും വീണ്ടും സ്ഥാപിക്കുകയാണെന്നും തന്നെ മാത്രമല്ല സഹപ്രവർത്തകരായ ജനപ്രതിനിധികളെയും നിയമസഭയെയും മുഴുവൻ വെല്ലുവിളിക്കുകയാണ് ശ്രീ. ബെന്നി ജോസഫ് ചെയ്തിരിക്കുന്നതെന്നും ശ്രീ.പി.ടി.തോമസ് , എം.എൽ.എ. വ്യക്തമാക്കി. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും തന്റെ അവകാശലംഘന നോട്ടീസ് സംബന്ധിച്ച് ശ്രീ.ബെന്നി ജോസഫിനോട് വിശദീകരണം ആരാഞ്ഞപ്പോൾ അദ്ദേഹം യൂട്യൂബിൽ നൽകിയ മറുപടിയിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അയച്ച കത്ത് ഉയർത്തിക്കാട്ടി കട്ടൻ ചായ കുടിക്കുന്ന മട്ടിൽ എന്തോ കുടിച്ചുകൊണ്ടിരുന്ന് വളരെ മോശമായി രാഷ്ട്രീയക്കാരെയും എം.എൽ.എ.-മാരേയും വിമർശിക്കുകയാണ് ചെയ്തിരിക്കുന്നതെന്നും കിറ്റെക്സ് കമ്പനി തനിക്കെതിരെ സ്ഥാനാർത്ഥിയെ നിർത്തിയതുകൊണ്ടാണ് താനിങ്ങനെയൊരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചതെന്ന വാദം ശരിയല്ലെന്നും തെരഞ്ഞെടുപ്പിന് മുൻപ് തന്നെ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണക്കാരായ കമ്പനിക്കെതിരെ പരസ്യ സമരവുമായി താൻ രംഗത്ത് വന്നിരുന്നുവെന്നും ശ്രീ. പി. ടി. തോമസ്, എം. എൽ. എ. സമിതിയെ അറിയിച്ചു.

ശ്രീ. ബെന്നി ജോസഫുമായി തനിക്ക് മുൻപരിചയമില്ലെന്നും ചാനൽ വഴി രാഷ്ട്രീയ നേതാക്കൾക്കതിരെ ആക്ഷേപം ഉന്നയിക്കുന്നതാണ് ഇയാളുടെ പൊതു സ്വഭാവമെന്നും മറ്റുള്ളവരെ ദ്രോഹിക്കുന്നതും ഭയപ്പെടുത്തുന്നതും ബുദ്ധിമുട്ടിക്കുന്നതും ഇയാളുടെ പ്രധാന

വിനോദമാണെന്നും ശ്രീ. പി. ടി. തോമസ് , എം. എൽ. എ. സമിതി മുൻപാകെ ബോധിപ്പിച്ചു. കൊച്ചി കോർപ്പറേഷനിലെ ഭരണ പ്രതിപക്ഷ കൗൺസിലർമാർ ഒന്നിച്ച് തീരുമാനമെടുത്ത് നടപ്പിലാക്കിയ സരോവരം പ്രോജക്ടിൽ താൻ ആയിരം കോടി രൂപയുടെ അഴിമതി നടത്തിയെന്ന് അദ്ദേഹത്തിന്റെ യൂട്യൂബ് ചാനലിലൂടെ പറയുകയും ഇതിനെതിരെ താൻ കേസ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും സഭാംഗങ്ങളുടെ സ്വതന്ത്ര പ്രവർത്തനത്തിന് വിഘാതമുണ്ടാക്കുന്ന നിലപാടാണ് യൂട്യൂബിലെ പരിപാടിയിലൂടെ ശ്രീ. ബെന്നി ജോസഫ് സ്വീകരിച്ചിട്ടുള്ളതെന്നും ശ്രീ.പി.ടി.തോമസ്, എം. എൽ. എ. വെളിപ്പെടുത്തി.

കമ്പനിക്കെതിരെ താൻ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി നൽകുന്നതിനായി എറണാകുളം പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച പത്ര സമ്മേളനത്തിൽ തെളിവ് സഹിതം മറുപടി നൽകിയെന്നും ആയതിന് തനിക്കെതിരെ 100 കോടി രൂപയ്ക്ക് മാനനഷ്ടക്കേസ് കൊടുക്കുകയാണ് കമ്പനി എം.ഡി.-യായ ശ്രീ.സാബു ചെയ്തതെന്നും, ശ്രീ.സാബുവുമായി ബന്ധപ്പെട്ട് താൻ പത്ര സമ്മേളനം നടത്തിയിട്ടുണ്ടെങ്കിലും ശ്രീ.ബെന്നി ജോസഫുമായി ബന്ധപ്പെട്ട വിഷയം പത്ര സമ്മേളനം നടത്തിയിട്ടില്ലെന്നും ശ്രീ. പി. ടി. തോമസ്, എം.എൽ.എ. സമിതിയെ അറിയിച്ചു. താൻ പത്ര സമ്മേളനത്തിലും ചാനലിലും പറഞ്ഞ വിവരങ്ങൾ വച്ച് കൊണ്ട് ശ്രീ. ബെന്നി ജോസഫ് പ്രസ്തുത വിഷയം ഏറ്റെടുത്ത് തന്നെ യൂട്യൂബ് ചാനലിലൂടെ അധിക്ഷേപിക്കുകയാണുണ്ടായതെന്നും ശ്രീ . പി. ടി. തോമസ് , എം. എൽ. എ. വെളിപ്പെടുത്തി.

അവകാശലംഘനത്തിന് നോട്ടീസ് നൽകിയ വീഡിയോയേക്കാൾ, മറുപടി നൽകിയ വീഡിയോയിലാണ് കൂടുതൽ പ്രിവിലേജ് ലംഘനം വന്നിട്ടുള്ളതെന്നും പൊതു പ്രവർത്തകരെ അധിക്ഷേപിക്കുന്നതിലൂടെ യൂട്യൂബ് ചാനലിന് പ്രചാരം ലഭിക്കുമെന്ന് ശ്രീ.ബെന്നി ജോസഫ് പ്രതീക്ഷിക്കുന്നുണ്ടാകാമെന്നും ശ്രീ.പി.ടി.തോമസ്, എം.എൽ.എ. കൂട്ടിച്ചേർത്തു.

ശ്രീ. പി. ടി. തോമസ്, എം.എൽ.എ.-യുടെ നോട്ടീസിൽ ഉന്നയിച്ച രണ്ട് കാര്യങ്ങളിൽ "നുണ പറയുന്നു" എന്ന കാര്യം വീഡിയോയിലുണ്ടെന്നും കൈക്കൂലി കിട്ടാത്തതിനാലാണ് വ്യവസായിക്കെതിരെ ആക്ഷേപം സഭയിൽ ഉന്നയിച്ചതെന്ന കാര്യം വീഡിയോയിലില്ലെന്നും സമിതി നിരീക്ഷിച്ചു.

തെളിവെടുപ്പിന് ശേഷം നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അവകാശലംഘനം സംബന്ധിച്ച് ആരാഞ്ഞ വിശദീകരണത്തിന് മറുപടിയായി ശ്രീ.ബെന്നി ജോസഫ് യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്ത 'ഇത് പി. ടി. തോമസ്സുമാർക്ക് സമർപ്പിക്കുന്നു' എന്ന രണ്ടാമത്തെ വീഡിയോയും സമിതി പരിശോധിച്ചു.

യോഗം ഉച്ചയ്ക്ക് 12.20-ന് പിരിഞ്ഞു.

<u>അനുബന്ധം 7</u>

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ _2021 നവംബർ 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2021-2023)-യുടെ യോഗം 2021 നവംബർ 9-ാം തീയതി ചൊവ്വാഴ്ച നിയമസഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 5.20-ന് നിയമസഭാ സമുച്ചയത്തിലെ 5 'A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. മാത്യു ടി. തോമസ്, എം. എൽ. എ.
2. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
3. ശ്രീ. ടി. പി. രാമകൃഷ്ണൻ, എം. എൽ. എ.
4. ശ്രീ. എച്ച്. സലാം, എം. എൽ. എ.
5. ശ്രീമതി കെ. കെ.ശൈലജ ടീച്ചർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി റീന. വി. ആർ , ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി. ഡി. ഒ., അണ്ടർ സെക്രട്ടറി.

ശ്രീ. പി. ടി. തോമസ് , എം. എൽ. എ. യുടെ ബഹു. സ്പീക്കർ മുമ്പാകെ ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തിക്കെതിരെ സമർപ്പിച്ചിരുന്നതും ബഹു. സ്പീക്കർ സമിതിയുടെ പരിഗണനക്കായി റഫർ ചെയ്തിരുന്നതുമായ അവകാശലംഘന നോട്ടീസിൻമേൽ, ശ്രീ.ബെന്നി ജോസഫിനെ തെളിവെടുപ്പിന് വിളിപ്പിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ ചോദ്യാവലി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ അടുത്ത യോഗം 25-11-2021-ന് ചേരുന്നതിനായും തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

<u>അനുബന്ധം 8</u>

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2021 ഡിസംബർ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2021-2023)-യുടെ യോഗം 2021 ഡിസംബർ 20-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>ഓൺലൈനിലൂടെ ഹാജരായ അംഗം</u>:

ശ്രീ. എച്ച്. സലാം

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

<u>തെളിവെടുപ്പിന് ഹാജരായത്</u> :

ശ്രീ. ബെന്നി ജോസഫ്, യൂട്യൂബർ

ശ്രീ. പി. ടി. തോമസ്, എം. എൽ. എ., യൂട്യൂബറായ ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തിക്കെതിരെ സമർപ്പിച്ചിരുന്നതും ബഹു. സ്പീക്കർ സമിതിയുടെ പരിഗണനയ്ക്കായി റഫർ ചെയ്തിരിക്കുന്നതുമായ അവകാശലംഘന നോട്ടീസിന്മേൽ ശ്രീ. ബെന്നി ജോസഫ് സമിതിക്ക് മുൻപാകെ തെളിവെടുപ്പിനായി ഹാജരാകുകയും താൻ ഇക്കാര്യത്തിൽ നൽകുന്ന തെളിവ് സത്യമാണെന്നും യാതൊന്നും മറച്ചുവയ്ക്കില്ലെന്നും ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു. തുടർന്ന് ശ്രീ. ബെന്നി ജോസഫിൽ നിന്നും താഴെ പറയും പ്രകാരം തെളിവെടുപ്പ് നടത്തുകയും ചെയ്തു.

2021 നവംബർ 25-ാം തീയതിയിലെ സമിതി യോഗത്തിൽ ഹാജരാകാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് 2021 നവംബർ 9-ാം തീയതി മുതൽ ഡിസംബർ 10-ാം തീയതി വരെ നടന്ന ദുബായ് എക്സ്പോയിൽ ഇൻവൈറ്റി ഗസ്റ്റായിരുന്നതിനാലാണ് പ്രസ്തുത യോഗത്തിൽ ഹാജരാകാതിരുന്നതെന്ന് ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. ശ്രീ. പി. ടി. തോമസ് , എം.എൽ.എ.-യുമായി വ്യക്തിപരമായ പരിചയമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ശ്രീ. പി. ടി. തോമസ് തന്റെ കുടുംബ സുഹൃത്താണെന്നും തങ്ങൾ തമ്മിൽ യാതൊരു പ്രശ്നങ്ങളുമില്ലെന്നും, താൻ പ്രൊഡ്യൂസ് ചെയ്ത അണിയറ, കണ്ണാടി, സാക്ഷി മുതലായ പരിപാടികൾ മുഖേന അദ്ദേഹത്തെ ധാരാളം കാര്യങ്ങളിൽ സപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും വ്യക്തിപരമായി അദ്ദേഹത്തെ ഒരു വിധത്തിലും ആക്ഷേപിച്ചിട്ടില്ലെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. കിറ്റെക്സ് കമ്പനി എം. ഡി. ശ്രീ. സാബു ജേക്കബുമായി വ്യക്തിപരമായ പരിചയമുണ്ടോയെന്ന ചോദ്യത്തിന് ശ്രീ. സാബു ജേക്കബ് തന്റെ നല്ല സുഹൃത്താണെന്നും സാബു ജേക്കബ് നാട്ടിൽ ചെയ്യുന്ന പ്രവൃത്തികൾ കണ്ടറിഞ്ഞ ഒരു വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തോട് കൂടുതൽ സ്നേഹമുണ്ടെന്നും എന്നാൽ രണ്ട് പേരോടും പ്രത്യേക താൽപ്പര്യമോ വിദ്വേഷമോയില്ലെന്നും സമിതിയെ അറിയിച്ചു.

കൈക്കൂലി കിട്ടാത്തതിനാലാണ് ശ്രീ. പി. ടി. തോമസ് , എം. എൽ. എ. കടമ്പ്രയാർ വിഷയം നിയമസഭയിൽ ഉന്നയിച്ചതെന്ന അഭിപ്രായമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അദ്ദേഹം കൈക്കൂലിക്കാരനാണെന്ന് അഭിപ്രായമില്ലെന്നും നിയമസഭ മുമ്പാകെ ശ്രീ. പി. ടി. തോമസ് , എം.എൽ.എ. കള്ളം പറഞ്ഞുവെന്ന വാദത്തിൽ ഉറച്ച് നിൽക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, അതിൽ ഉറച്ച് നിൽക്കുന്നതായും 50 കോടി രൂപയാണ് കിറ്റെക്സ് കമ്പനി എം. ഡി. ശ്രീ. സാബു ജേക്കബ് ചലഞ്ച് ചെയ്തിരിക്കുന്നതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

കിറ്റക്സ് കമ്പനി ഉടമ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ശ്രീ. പി. ടി. തോമസിനെതിരായി സ്ഥാനാർത്ഥിയെ നിർത്തിയതുകൊണ്ടാണ് ബഹു. അംഗം കടമ്പ്രയാർ വിഷയം സഭയിലുന്നയിച്ചതെന്നുള്ള അഭിപ്രായമുണ്ടോയെന്ന ചോദ്യത്തിന് അതുകൊണ്ടായിരിക്കുമെന്നാണ് താൻ വിശ്വസിക്കുന്നതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. സഭയിൽ ഉന്നയിക്കുന്ന വിഷയങ്ങളിൻമേൽ ബഹു.അംഗങ്ങൾ തെളിവ് ഹാജരാക്കണമെന്ന തരത്തിൽ വെല്ലുവിളിക്കുന്ന പ്രവണത സഭയ്ക്കകത്ത് അംഗങ്ങൾക്ക് സ്വതന്ത്രമായും നിർഭയമായും അഭിപ്രായപ്രകടനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്ന വിധത്തിലുള്ള നിലപാടാണെന്ന കാര്യം അറിവുള്ളതാണോയെന്ന ചോദ്യത്തിന്, എം. എൽ. എ.-മാർക്ക് ഏത് വിഷയവും ഒരു തടസ്സവുമില്ലാതെ നിയമസഭയിൽ പറയാമെന്നും പക്ഷെ അത് നുണയും കള്ളവുമാകരുതെന്നും നുണ

പറഞ്ഞാൽ എതിർക്കുമെന്നുള്ള ഒരു അവകാശം ജനങ്ങൾക്ക് വേണമെന്നും നിയമസഭാ സാമാജികരുടെ പ്രിവിലേജിനെ വെല്ലുവിളിക്കുന്ന ഒരു നടപടിയും താൻ സ്വീകരിച്ചിട്ടില്ലെന്നും അങ്ങനെ തോന്നിയിട്ടുണ്ടെങ്കിൽ അത് തെറ്റാണെന്നും, സാമാജികർക്ക് കിട്ടിയിരിക്കുന്ന ഈ പ്രിവിലേജ് മിസ്‌യൂസ് ചെയ്യരുതെന്ന രീതിയിലാണ് പ്രസ്തുത പരിപാടിയിൽ പറഞ്ഞിരിക്കുന്നതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. തദവസരത്തിൽ , ചാനൽ പരിപാടിയിലെ " ഇവിടെ കൈക്കൂലി കൊടുക്കാതെ ഇത്തരം രാഷ്ട്രീയക്കാരെ ഓച്ഛാനിച്ചു നിൽക്കാതെ ഒന്നും ചെയ്യാൻ പറ്റില്ല. പല മുതലാളിമാരും എം.എൽ.എ.-മാരുടേയും മന്ത്രിമാരുടേയും.....സകല തെണ്ടിത്തരം വേണമെങ്കിലും ചെയ്യാമിവിടെ, പക്ഷെ കാശുണ്ടാകണം" എന്ന വാചകങ്ങൾ സമിതി ചൂണ്ടിക്കാണിക്കുകയും, നിയമസഭാ സാമാജികരെ സംബന്ധിച്ച് യൂട്യൂബർ നടത്തിയ അഭിപ്രായ പ്രകടനം സകല സീമകളും ലംഘിച്ചു കൊണ്ടാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

"തമ്മിൽ ഭേദം തൊമ്മൻ" എന്ന പ്രയോഗത്തിൽ താങ്കൾ ഉറച്ചുനിൽക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് "തമ്മിൽ ഭേദം തൊമ്മൻ" എന്നുള്ളതിൽ ഉറച്ചുനിൽക്കുന്നുവെന്നും എന്നാൽ എല്ലാ എം.എൽ.എ.-മാരും മോശമാണെന്നുള്ളതിൽ താൻ ഉറച്ചുനിൽക്കുന്നില്ലെന്നും പലരേക്കാൾ ഭേദം എന്നാണ് താൻ ഉദ്ദേശിച്ചതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട് വരുന്നവർ യോഗ്യരല്ലെന്ന അഭിപ്രായമാണോ താങ്കൾക്കുള്ളതെന്ന ചോദ്യത്തിന് അങ്ങനെ അഭിപ്രായമില്ലെന്നും ധാരാളം യോഗ്യതയുള്ള ആളുകളുണ്ടെന്നും എന്നാൽ ചില മോശക്കാരായ വ്യക്തികളുമുണ്ടെന്നും അല്ലാതെ 140 എം.എൽ.എ.-മാരും മോശമാണെന്നല്ല പറഞ്ഞതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. "പലരും" എന്നത് ആരെല്ലാമാണെന്ന് വിവക്ഷിക്കാത്തിടത്തോളം "തമ്മിൽ ഭേദം തൊമ്മൻ" എന്ന ആക്ഷേപത്തിന് ജനപ്രതിനിധികൾ എല്ലാവരും വിധേയമാക്കപ്പെടുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ശ്രീ. പി. ടി. തോമസ്, എം.എൽ.എ. നൽകിയ നോട്ടീസിന്മേൽ, വിശദീകരണം തേടിക്കൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അയച്ച കത്തിനെ ആസ്പദമാക്കി യുട്യൂബ് ചാനലിൽ ഒരു പരിപാടി അവതരിപ്പിച്ചത് ശരിയാണെന്നുള്ള അഭിപ്രായമുണ്ടോയെന്ന ചോദ്യത്തിന് അത് ശരിയാണെന്നാണ് തനിക്ക് തോന്നുന്നതെന്നും ജനങ്ങളെ അറിയിക്കേണ്ട കാര്യമാണതെന്നും അതിലൂടെ തുല്യാവകാശം നടപ്പിലാക്കാൻ ശ്രമിക്കുകയാണ് താൻ ചെയ്തതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. നിയമസഭാ സാമാജികരെ അവഹേളിച്ചുകൊണ്ട് സ്വന്തം യുട്യൂബ് ചാനലിന് പ്രചാരം വർദ്ധിപ്പിക്കുകയെന്നുള്ള അടിസ്ഥാനത്തിലാണോ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് അല്ലെന്നും താൻ നിരവധി വർഷമായി സാമൂഹ്യ സേവനരംഗത്ത് പ്രവർത്തിക്കുന്ന ഒരാളാണെന്നും, എം.എൽ.എ.-മാർക്ക് എന്ത്

വിഷയങ്ങളും സഭയിൽ ഉന്നയിക്കാൻ കഴിയുമെന്നും പക്ഷേ അത് നുണയായിരിക്കരുതെന്ന് മാത്രമേയുള്ളൂവെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. തദവസരത്തിൽ, ജനകീയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ സഭയിൽ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന നടപടിയാണ് യൂട്യൂബറിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. കടമ്പ്രയാർ മലിനീകരണപ്പെടുന്നതിൽ കിറ്റെക്സിന്റെ യാതൊരുവിധത്തിലുള്ള മാലിന്യവും ഇല്ലായെന്നുള്ള അഭിപ്രായത്തിലാണോ നിൽക്കുന്നതെന്ന ചോദ്യത്തിന് കടമ്പ്രയാറിലേയ്ക്ക് വരുന്നതിൽ കിറ്റെക്സിന്റെ മാലിന്യം ഇല്ലെന്നും, ഉണ്ടെങ്കിൽ ഇരുപത്തിനാല് മണിക്കൂറിനകം അടച്ചുപൂട്ടണമെന്ന് താൻ വ്യക്തമായി പരിപാടിയിൽ പറഞ്ഞിട്ടുള്ളതായും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

തുല്യാവകാശങ്ങൾക്ക് വേണ്ടിയാണ് യൂട്യൂബിലൂടെ പരിപാടി നടത്തിയതെന്ന് പറയുന്നതിന്റെ കാരണമെന്താണെന്ന ചോദ്യത്തിന് എം.എൽ.എ.-മാർക്ക് സ്പെഷ്യൽ പ്രിവിലേജുകൾ നൽകിയിട്ടുള്ള കാര്യവും, ഹൗസിൽ ചോദിക്കുന്ന ചോദ്യങ്ങൾ പുറത്ത് ചോദ്യം ചെയ്യാൻ പാടില്ലെന്നും തനിക്കറിയാമെന്നും എന്നാൽ ആ അവകാശം ഉപയോഗപ്പെടുത്തി നുണ പറയുകയാണെങ്കിൽ ശക്തമായി ചോദ്യം ചെയ്യാനാണ് താൻ തീരുമാനിച്ചിരിക്കുന്നതെന്നും ശ്രീ. പി. ടി. തോമസിനെതിരായി ഈ വിഷയത്തിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ചെയ്തിട്ടില്ലെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. നിയമം പഠിച്ചിട്ടില്ലെന്നും , നിയമസഭാംഗങ്ങളുടെ പ്രിവിലേജിനെ സംബന്ധിച്ച് പൂർണ്ണമായി അറിയില്ലെന്നും ശ്രീ. ബെന്നി ജോസഫ് കൂട്ടിച്ചേർത്തു. 'അതിനിപ്പോൾ അവകാശ ലംഘനത്തിന് നോട്ടീസ് കൊടുത്താലും വക്കീൽ നോട്ടീസ് അയച്ചാലും ഒരു എം.എൽ.എ. ആണെന്ന് പറഞ്ഞ് പത്ത് പന്ത്രണ്ട് കൊമ്പൊന്നുമില്ല' എന്ന യുട്യൂബിലെ പരാമർശത്തിൽ നിന്ന് അവകാശലംഘനം ഉണ്ടാകുമെന്ന് താങ്കൾ മനസ്സിലാക്കിയിരുന്നോയെന്നും , ഇത്തരം പരാമർശത്തിന്റെ ഉദ്ദേശം എന്താണെന്നുള്ള ചോദ്യത്തിന്, നുണ പറഞ്ഞിട്ട് അങ്ങനെയൊരു നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ നിലനിൽക്കില്ലെന്നാണ് താൻ ഉദ്ദേശിച്ചതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

നിയമസഭയുടെ പ്രവർത്തനങ്ങളിൽ എം.എൽ.എ.-യ്ക്ക് പ്രത്യേക അധികാരങ്ങളും അവകാശങ്ങളുമുണ്ടെന്നുള്ളത് നിഷേധിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, നിഷേധിക്കുന്നില്ലെന്നും, ഒരു ഖദർ കുപ്പായമിട്ട് എം.എൽ.എ. എന്ന മൂന്നക്ഷരം നെഞ്ചത്തൊട്ടിച്ചാൽ എന്ത് വൃത്തികേടും ആരെപ്പറ്റിയും എവിടെയും വിളിച്ചുപറയാമെന്ന ധാരണയുള്ള ഇത്തരം ആളുകളെ ചുമക്കേണ്ടിവരുന്നത് മലയാളികളുടെ ഗതികേടെന്ന അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്നുണ്ടോയെന്ന ചോദ്യത്തിന് ചില എം.എൽ.എ.-മാരെക്കുറിച്ച് അതാണ് അഭിപ്രായമെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും നൽകിയ നോട്ടീസ് പരസ്യപ്പെടുത്തിയത്

നിയമസഭയെ അവഹേളിക്കാൻ വേണ്ടിയല്ലേയെന്ന ചോദ്യത്തിന് അല്ലെന്നും, യൂട്യൂബിലെ ആദ്യത്തെ പരിപാടിയെ സംബന്ധിച്ചോ, ലീഗൽ ഒപ്പീനിയൻ പരസ്യപ്പെടുത്തിയതുമായി ബന്ധപ്പെട്ട പരിപാടി സംബന്ധിച്ചോ എന്തെങ്കിലും regret ഉണ്ടോയെന്ന ചോദ്യത്തിന് വ്യക്തിപരമായി ആർക്കെങ്കിലും വേദനിച്ചിട്ടുണ്ടെങ്കിൽ അതിന് സാഷ്ടാംഗം മാപ്പ് പറയുന്നുവെന്നും, നിയമസഭയുടെ അന്തസ്സിന് കോട്ടം തട്ടിയതിൽ നിങ്ങൾക്ക് regret ഉണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അങ്ങനെ കോട്ടം തട്ടുന്ന തരത്തിൽ കാര്യങ്ങൾ ചെയ്തതായി തനിക്ക് തോന്നുന്നില്ലെന്നും, അങ്ങനെ ചെയ്തതായി ആർക്കെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ അതിന് മാപ്പ് പറയുന്നതായും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. ആദ്യത്തെ യൂട്യൂബ് വീഡിയോ, രണ്ടാമത്തെ ശ്രീ. ബെന്നി ജോസഫിന്റെ മറുപടി , മൂന്നാമത് കട്ടൻ ചായയെന്ന് പറയുന്ന കറുത്ത ദ്രാവകം കുടിച്ചുകൊണ്ട് ലീഗൽ ഒപ്പീനിയനെന്ന് പറഞ്ഞ് ഒരു വക്കീലുമായിരുന്ന് നിയമസഭയെ മുഴുവൻ ആക്ഷേപിക്കുന്ന രൂപത്തിൽ നടത്തിയ പരിപാടി എന്നിവ നിയമസഭ എന്ന ഭരണഘടനാ സ്ഥാപനത്തിന്റെ അന്തസ്സിൽ ഇടിവുണ്ടാക്കിയതിന് ഖേദമുണ്ടോയെന്ന ചോദ്യത്തിന്, അങ്ങനെ ഇടിവുണ്ടായെന്ന് സമിതിക്ക് തോന്നിയിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുന്നുവെന്നും നിയമസഭ എന്ന പവിത്രമായ സ്ഥലത്ത് നുണ പറയരുത് എന്നാണ് താൻ ഉദ്ദേശിച്ചതെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി.

നിയമസഭാ സമിതികൾക്ക് quasi judicial സ്വാഭാവമുണ്ടെന്നത് മനസ്സിലാക്കിയിട്ടുണ്ടോയെന്ന ചോദ്യത്തിന്, അതിനെക്കുറിച്ച് തനിക്കറിയില്ലെന്നും, നിയമസഭയിൽ ഒരംഗം സ്വതന്ത്രമായി അദ്ദേഹത്തിന്റെ ബോധ്യം വിശദീകരിച്ചാൽ അത് നുണയാണെന്ന് നിശ്ചയിക്കാനുള്ള അവകാശം ഒരു പൗരന് എങ്ങനെയാണ് കൈവരുന്നതെന്ന സമിതിയുടെ ചോദ്യത്തിന് താൻ 'ഫ്രീഡം ഓഫ് സ്പീച്ച് ' വച്ച് മാത്രമേ പറഞ്ഞിട്ടുള്ളൂവെന്നും അല്ലാതെ ഒരിക്കലും നിയമസഭയോടുള്ള വെല്ലുവിളിയല്ലെന്നും ശ്രീ. ബെന്നി ജോസഫ് മറുപടി നൽകി. താങ്കളുടെ ചെയ്തികളിൽ നിയമസഭ എന്ന സ്ഥാപനത്തിന്റെ അന്തസ്സിന് ഇടിവുണ്ടായി എന്നതിൽ ഖേദമുണ്ടോയെന്ന ചോദ്യത്തിന് അങ്ങനെ ഇടിവുണ്ടായിട്ടുള്ളതായി തോന്നിയിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുന്നുവെന്നും നിയമസഭ എന്ന പവിത്രമായ സ്ഥലത്ത് നുണ പറയരുതെന്ന വാദം മാത്രമാണ് തനിക്കുള്ളതെന്നും ശ്രീ.ബെന്നി ജോസഫ് മറുപടി നൽകി

ഇതുമായി ബന്ധപ്പെട്ട് കൂടുതലായി എന്തെങ്കിലും കാര്യങ്ങൾ പറയാനുണ്ടെങ്കിൽ പറയാവുന്നതാണെന്ന സമിതി ചെയർമാന്റെ പരാമർശത്തിന് മറുപടിയായി നിയമസഭയെയോ, നിയമസഭാ സമാജികരെയോ അധിക്ഷേപിക്കുന്നതിനായല്ല താൻ പ്രസ്തുത യൂട്യൂബ് പരിപാടി ചെയ്തതെന്ന് ശ്രീ.ബെന്നി ജോസഫ് മറുപടി നൽകി. യോഗം അവസാനിപ്പിക്കുന്നുവെന്ന് സമിതി ചെയർമാൻ അറിയിച്ചതിനെത്തുടർന്ന് ശ്രീ. ബെന്നി ജോസഫ് ഹാൾ വിട്ട് പുറത്തുപോയി.

യോഗം ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.

അനുബന്ധം 9

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2022 ജൂലൈ 13-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി (2021-2023)യുടെ യോഗം 2022 ജൂലൈ 13-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 7.35-ന് നിയമസഭാ സമുച്ചയത്തിലെ '610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. ബാലചന്ദ്രൻ
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീ. മാത്യു ടി. തോമസ്
4. ശ്രീ. ഡി. കെ. മുരളി
5. ശ്രീ. ടി. പി. രാമകൃഷ്ണൻ
6. ശ്രീ. റോജി എം. ജോൺ
7. ശ്രീ. എച്ച് . സലാം
8. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ.ആർ.നന്ദകുമാർ, അണ്ടർ സെക്രട്ടറി.

ശ്രീ. പി. ടി. തോമസ് , എം. എൽ. എ., യുട്യൂബറായ ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തിക്കെതിരെ സമർപ്പിച്ചിരുന്നതും ബഹു. സ്പീക്കർ സമിതിയുടെ പരിഗണനയ്ക്കായി റഫർ ചെയ്തിരിക്കുന്നതുമായ അവകാശ ലംഘന നോട്ടീസിന്മേലുള്ള കരട് റിപ്പോർട്ട് സമിതി അംഗീകരിക്കുകയും, 2022 ജൂലൈ 18-ാം തീയതി പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായും തീരുമാനിച്ചു .

യോഗം വൈകുന്നേരം 7.50-ന് പിരിഞ്ഞു.